ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും

(MOST IMPORTANT TERMS AND CONDITIONS)

DBS Bank ക്രെഡിറ്റ് കാർഡുകൾ- ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും

(DBS BANK CREDIT CARDS- MOST IMPORTANT TERMS AND CONDITIONS)

"ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും" ("MITC") ഉം ഇവിടെ കൊടുത്തിരിക്കുന്ന എല്ലാ വിവരങ്ങളും എല്ലാ DBS ക്രെഡിറ്റ് കാർഡുകൾക്കും ("ക്രെഡിറ്റ് കാർഡ്(കൾ)") ബാധകമാണ് - കാർഡ് അംഗങ്ങൾ / കാർഡ് ഉടമ / ക്രെഡിറ്റ് കാർഡ് അപേക്ഷകർ / DBS Bank India Limited ('DBS Bank'/'ബാങ്ക്') ഉപഭോക്താക്കൾ, ബാങ്കിന്റെ ക്രെഡിറ്റ് കാർഡ് ഉൽപ്പന്നത്തിൽ താൽപ്പര്യം പ്രകടിപ്പിക്കുന്ന പൊതുജനങ്ങൾ, ക്രെഡിറ്റ് കാർഡ് ഉപയോക്താക്കൾ, അവരുടെ ഗുണഭോക്താക്കൾ എന്നിവർക്ക് ഉടനടി ബാധകകുന്നതാണ്. ബാങ്കിന്റെ വിവേചനാധികാരത്തിൽ MITC മാറ്റത്തിന് വിധേയമായേക്കാവുന്നതും, കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുന്ന ബാധകമായ നിയമങ്ങൾക്കനുസൃതമായി ഇത് ആവശ്യമായി വന്നേക്കാവുന്നതുമാണ്. MITC കാർഡ് അംഗ കരാറിന് പുറമേയുള്ളതാണ്, അതിന് അപവാദമായിട്ടുള്ളതല്ല, ബാങ്കിന്റെ കാർഡ് അംഗ കരാറിന്റെ ('TC') നിബന്ധനകളും വ്യവസ്ഥകളും ഇതോടൊപ്പം ചേർത്ത് വായിക്കേണ്ടതാണ്. MITC, TC എന്നിവ നിങ്ങൾക്ക് സ്വീകാര്യമല്ലെങ്കിൽ, ദയവായി ക്രെഡിറ്റ് കാർഡ് ഉപയോഗിക്കരുത്, VantageCareIndia@dbs.com (DBS Vantage card and DBS Altitude Credit Card)/ cardcareindia@dbs.com (മറ്റ് DBS ക്രെഡിറ്റ് കാർഡുകൾ) എന്ന വിലാസത്തിൽ ഇക്കാര്യം ഞങ്ങളെ രേഖാമൂലം അറിയിക്കുക. തുടർന്ന് മാഗ്നറ്റിക് സ്ട്രിപ്പിന് കുറുകെ പകുതി കോണോടു കോൺ മുറിച്ച് ക്രെഡിറ്റ് കാർഡ് നശിപ്പിക്കുകയും, ഈ കഷണങ്ങൾ ക്രെഡിറ്റ് കാർഡ് ലഭിച്ച് 10 ദിവസത്തിനുള്ളിൽ ഞങ്ങൾക്ക് തിരികെ നൽകുകയും ചെയ്യുക. ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുന്നത് MITC, TC എന്നിവയുടെ സ്വീകാര്യതയായി കണക്കാക്കും.

ഫീസും ചാർജുകളും (FEES AND CHARGES)

(i) വാർഷിക ഫീസും പുതുക്കൽ ഫീസും

*ഫീസിലും ചാർജുകളിലും ബാധകമായ ജിഎസ്ടി അധികമായി ഈടാക്കും.

കാർഡിന്റെ പേര്	കാർഡ് ഉടമയുടെ വകഭേദം	ജോയിനിംഗ് ഫീസ്*	വാർഷിക ഫീസ്*	വാർഷിക അംഗത്വ ഫീസ് / അടുത്ത വർഷത്തേക്കുള്ള പുതുക്കൽ ചാർജുകൾ എന്നിവ ഒഴിവാക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ ചെലവ് *
DBS Vantage Card		രൂ. 20,000	രൂ. 20,000	
DBS Altitude Credit Card		രൂ. 4999	രൂ. 4999	
DBS Spark ക്രെഡിറ്റ് കാർഡ്	Spark5	499	499	രൂ. 1.50,000
	Spark10	999	999	രൂ. 2.00,000
	Spark20	1499	1499	രൂ. 2.50,000
Bajaj Finserv DBS Bank SuperCard^	Bajaj Finserv DBS Bank 5X Rewards SuperCard	499	499	ലഭ്യമല്ല
	Bajaj Finserv DBS Bank 5X Plus Rewards SuperCard	999	999	ലഭ്യമല്ല
	Bajaj Finserv DBS Bank 7X Rewards SuperCar	1499	1499	ലഭ്യമല്ല
	Bajaj Finserv DBS Bank 7X Plus Rewards SuperCard	1999	1999	ലഭ്യമല്ല
	Bajaj Finserv DBS Bank 10X Signature SuperCard	2999	2999	ലഭ്യമല്ല
	Bajaj Finserv DBS Bank 10X Plus Signature SuperCard	4999	4999	ലഭ്യമല്ല
DBS SuperX ക്രെഡിറ്റ് കാർഡ്	DBS SuperX ക്രെഡിറ്റ് കാർഡ്	ലഭ്യമല്ല	1499	ലഭ്യമല്ല
DBS SuperX Plus ക്രെഡിറ്റ് കാർഡ്	DBS SuperX Plus ക്രെഡിറ്റ് കാർഡ്	ലഭ്യമല്ല	2999	ലഭ്യമല്ല

^ ബജാജ് ഫിനാൻസ് ലിമിറ്റഡുമായുള്ള കോ-ബ്രാൻഡിംഗ് പങ്കാളിത്തത്തിൽ DBS Bank ഇഷ്യൂ ചെയ്യുന്ന Bajaj Finserv DBS Bank SuperCard, 1 ആഗസ്റ്റ് 2026 മുതൽ നിർത്തലാക്കുകയും കാർഡ് ഉടമകൾക്ക് DBS Bank ഒരു DBS SuperX ക്രെഡിറ്റ് കാർഡ് അല്ലെങ്കിൽ DBS SuperX Plus ക്രെഡിറ്റ് കാർഡ് നൽകുകയും ചെയ്യുന്നതാണ്. കാർഡ് ഉടമകൾക്ക് DBS Bank ൽ നിന്ന് അധിക വിശദാംശങ്ങളോടെ ഇമെയിൽ / SMS വഴി ഒരു ആശയവിനിമയം ലഭിക്കും.

ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കുന്ന സമയത്തും/അല്ലെങ്കിൽ പ്രസ്തുത ക്രെഡിറ്റ് കാർഡ് ഇഷ്യൂ ചെയ്യുന്ന സമയത്തോ പുതുക്കുന്ന സമയത്തോ ബാധകമായ ഫീസിനെ കുറിച്ച് കാർഡ് അംഗത്തെ അറിയിക്കും. കൂടാതെ, ബാധകമായ അത്തരം ഫീസ്, കാർഡ് അംഗത്തിന്റെ അക്കൗണ്ടിൽ നിന്ന് നേരിട്ട് ഈടാക്കുകയും അത് ഈടാക്കുന്ന മാസത്തെ ക്രെഡിറ്റ് കാർഡ് സ്റ്റേറ്റ്മെന്റിൽ ബിൽ ചെയ്യുകയും ചെയ്യും.

ഉചിതമെന്ന് തോന്നുന്ന ഏതെങ്കിലും ചാർജുകളോ ഫീസുകളോ കാർഡ് അംഗത്തെ 30 ദിവസം മുമ്പ് അറിയിച്ചുകൊണ്ട്, കാലാകാലങ്ങളിൽ മാറ്റാനോ പുതിയ ചാർജുകളോ ഫീസുകളോ അവതരിപ്പിക്കാനോ ഉള്ള അവകാശം DBS Bank ൽ നിക്ഷിപ്തമാണ്.

(ii) മറ്റ് ഫീസുകളും ചാർജുകളും

ഫൈനാൻസ് / ഓവർഡ്യൂ പലിശ നിരക്കുകൾ / ആനുവലൈസ്ഡ് പെർസന്റേജ് റേറ്റ് (APR)	ഫൈനാൻസ് ചാർജുകൾ/APR എന്നത് വാങ്ങലുകൾ, ക്യാഷ് അഡ്വാൻസുകൾ, കുടിശ്ശികയുള്ള ബാലൻസുകൾ എന്നിവയിൽ ഈടാക്കുന്ന പലിശ നിരക്കാണ് (പേയ്മെന്റ് നടത്തിയ തുക മിനിമം എമൗണ്ട് ഡ്യൂ-നും മൊത്തം തുകയ്ക്കും ഇടയിലാണെങ്കിൽ ഇത് ഈടാക്കും) പേയ്മെന്റ് അവസാന തീയതിയിലോ അതിനു മുമ്പോ മിനിമം എമൗണ്ട് ഡ്യൂ (MAD) അടയ്ക്കാത്തതിന് ഓവർ ഡ്യൂ പലിശ നിരക്ക് ഈടാക്കും. എക്സ്റ്റൻഡഡ് ക്രെഡിറ്റിനും ക്യാഷ് അഡ്വാൻസുകൾക്കും ഉള്ള ഓവർ ഡ്യൂ പലിശ ഇനിപ്പറയുന്ന രീതിയിൽ ഈടാക്കും:

<table>
<tr>
<td></td>
<td>
<table>
<tr><td>DBS Vantage Card</td><td rowspan="4">പ്രതിവർഷം 42 - 48%#</td><td rowspan="4">പ്രതിമാസം 3.5% - 4%</td></tr>
<tr><td>DBS Altitude Credit Card</td></tr>
<tr><td>Bajaj Finserv DBS Bank Credit Card</td></tr>
<tr><td>DBS SuperX ക്രെഡിറ്റ് കാർഡും DBS SuperX Plus ക്രെഡിറ്റ് കാർഡും</td></tr>
<tr><td>DBS Spark ക്രെഡിറ്റ് കാർഡ്</td><td>പ്രതിവർഷം 48%</td><td>പ്രതിമാസം 4%</td></tr>
</table>
#ഫൈനാൻസ് / ഓവർഡ്യൂ പലിശ നിരക്കുകൾ കാർഡ് അംഗത്തിന്റെ ക്രെഡിറ്റ് ചരിത്രം, വാങ്ങൽ രീതികൾ, പേയ്മെന്റ് ശീലങ്ങൾ, ഉപയോഗ രീതികൾ, വിശ്വസ്തത, വിന്റേജ്, ബാങ്കിന്റെ ആന്തരിക നയ മാനദണ്ഡങ്ങൾ തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്, എന്നാൽ ഇവയിൽ മാത്രം പരിമിതപ്പെടുന്നില്ല. DBS Bank ന്റെ സ്വന്തം വിവേചനാധികാരം അനുസരിച്ച് ഫൈനാൻസ് (പലിശ) നിരക്കുകൾ പ്രതിമാസം 4% വരെ (48% വാർഷികം) കൂടുകയോ അല്ലെങ്കിൽ പ്രതിമാസം 3.5% വരെ (42% വാർഷികം) കുറയുകയോ / മാറുകയോ ചെയ്യാം, ഇത് അന്തിമവും കാർഡ് അംഗത്തിന് ബാധകവുമാണ്.
</td>
</tr>
<tr>
<td>നിങ്ങളുടെ കാർഡിലെ ലേറ്റ് പേയ്മെന്റ് ചാർജുകൾ (LPC) പേയ്മെന്റ് ഡ്യൂ</td>
<td>
<table>
<tr><td>ലേറ്റ് പേയ്മെന്റ് ചാർജുകൾ</td><td>ലേറ്റ് പേയ്മെന്റ് ചാർജുകൾ</td></tr>
<tr><td>100 രൂപ വരെ</td><td>ഒന്നുമില്ല</td></tr>
</table>
</td>
</tr>
</table>

<table>
<tr><td>തീയതിയിലെ (PDD) ആകെ തുകയുടെ (TAD) ഒരു ഭാഗമാണ് *</td><td>
<table>
<tr><td>100 രൂപയിൽ കൂടുതലും 500 രൂപ വരെയും</td><td>രൂ. 99</td></tr>
<tr><td>500 രൂപയിൽ കൂടുതലും മുതൽ 5,000 രൂപ വരെയും</td><td>രൂ. 499</td></tr>
<tr><td>5,000 രൂപയിൽ കൂടുതൽ</td><td>5,000 രൂപയിൽ കൂടുതലുള്ള ആകെ കുടിശ്ശിക തുകയുടെ 10%, പരമാവധി രൂ 1299</td></tr>
</table>
*ഉപഭോക്താവ് MAD-യിൽ താഴെ പാർഷ്യൽ പേയ്മെന്റ് നടത്തിയാൽ, പേയ്മെന്റ് ഡ്യൂ തീയതിയിൽ (PDD) LPC ണക്കാക്കുന്നത് പാർഷ്യൽ പേയ്മെന്റ് ക്രമീകരിച്ചതിന് ശേഷമുള്ള TAD അനുസരിച്ചായിരിക്കും.
</td></tr>
<tr><td>ചാർജ് സ്ലിപ്പ് വീണ്ടെടുക്കൽ ചാർജുകൾ</td><td>രൂ. 100</td></tr>
<tr><td>കാർഡ് മാറ്റിസ്ഥാപിക്കൽ (നഷ്ടപ്പെട്ട/ മോഷ്ടിക്കപ്പെട്ട/ വീണ്ടും ഇഷ്യൂ ചെയ്യൽ/ മറ്റേതെങ്കിലും മാറ്റിസ്ഥാപിക്കൽ)</td><td>
<table>
<tr><td>DBS Vantage Card</td><td rowspan="2">രൂ. വീണ്ടും ഇഷ്യൂ ചെയ്യുന്നകാർഡിന് 3000</td></tr>
<tr><td>DBS Altitude Credit Card</td></tr>
<tr><td>DBS Spark Credit Card</td><td rowspan="3">രൂ. വീണ്ടും ഇഷ്യൂ ചെയ്യുന്ന കാർഡിന് 20</td></tr>
<tr><td>Bajaj Finserv DBS Bank SuperCard</td></tr>
<tr><td>DBS SuperX ക്രെഡിറ്റ് കാർഡും DBS SuperX Plus ക്രെഡിറ്റ് കാർഡും</td></tr>
</table>
</td></tr>
<tr><td>ഫിസിക്കൽ സ്റ്റേറ്റ്മെന്റ്/ ഫിസിക്കൽ സ്റ്റേറ്റ്മെന്റിന്റെ റീ-പ്രിന്റ് ഫീസ്</td><td>രൂ. 100 പ്രതി സ്റ്റേറ്റ്മെന്റ്</td></tr>
<tr><td>മുമ്പത്തെ 2 വർഷത്തെ ഡിജിറ്റൽ സ്റ്റേറ്റ്മെന്റ് ഫീസ്</td><td>രൂ. 100 പ്രതി സ്റ്റേറ്റ്മെന്റ്</td></tr>
</table>

<table>
<tr><td>റിട്ടേൺ പേയ്മെന്റ് ചാർജുകൾ (ചെക്ക് റിട്ടേൺ, ചെക്ക് ബൗൺസ്, സ്റ്റാൻഡിംഗ് ഇൻസ്ട്രക്ഷൻ പരാജയം, ഓട്ടോമേറ്റഡ് ക്ലിയറിങ് ഹൗസ്, അപര്യാപ്തമായ ഫണ്ട് എന്നിവ ഉൾപ്പെടെ എന്നാൽ ഇവയിൽ മാത്രം പരിമിതപ്പെടാതെ.)</td><td>രൂ. 500 പ്രതി തവണ</td></tr>
<tr><td>ശാഖകളിലെ പണമടയ്ക്കൽ</td><td>DBS Bank ശാഖകളിൽ പണമായി നടത്തുന്ന ഓരോ ക്രെഡിറ്റ് കാർഡ് ബിൽ പേയ്മെന്റിനും രൂ. 250/-</td></tr>
<tr><td>ഇന്ധനം വാങ്ങുന്നതിനായി പെട്രോൾ പമ്പുകളിൽ നടത്തുന്ന ഇടപാടിന് ഇന്ധന സർചാർജും ഇന്ധന സർചാർജ് ഒഴിവാക്കലും**</td><td>വ്യാപാരികൾക്ക് POS ടെർമിനൽ നൽകുന്ന അക്വയറിംഗ് ബാങ്കാണ് ഇന്ധന സർചാർജ് ഈടാക്കുന്നത്. ഇന്ധന സ്റ്റേഷനെയും അക്വയറിംഗ് ബാങ്കിനെയും ആശ്രയിച്ച് സർചാർജ് നിരക്ക് വ്യത്യാസപ്പെടാം. താഴെയുള്ള പട്ടിക പ്രകാരം DBS Bank ന്റെ ഇന്ധന സർചാർജ് ഒഴിവാക്കൽ യോഗ്യതയിൽ വരുന്ന ഇന്ധന ഇടപാട് തുകയുടെ 1% ആയിരിക്കും. ഇന്ധന സർചാർജിൽ ഈടാക്കിയ ജിഎസ്ടി മടക്കി നൽകില്ല.
<table><tr><td>ഉൽപ്പന്നം</td><td>യോഗ്യതയുള്ള ഇന്ധന ഇടപാട് തുക</td><td>പരമാവധി ഇന്ധന സർചാർജ് ഒഴിവാക്കൽ</td></tr></table></td></tr>
</table>

<table>
<tr>
<td></td>
<td>
<table>
<tr><td>DBS Vantage Card</td><td>കുറഞ്ഞ ഇന്ധന ഇടപാട് രൂ. 1000 ഉം പരമാവധി രൂ. 6000</td><td>ക്യാപ്പ് ചെയ്തിരിക്കുന്നത് രൂ 200 ആയി ക്യാപ്പ് ചെയ്തിരിക്കുന്നു</td></tr>
<tr><td>DBS Altitude Credit Card</td><td></td><td></td></tr>
<tr><td>DBS Spark ക്രെഡിറ്റ് കാർഡ്</td><td rowspan="3">കുറഞ്ഞത് 400 രൂപയും അധികം 4000 രൂപയുമാണ് ഇന്ധന ഇടപാടിന് അനുവദനീയമായ തുക.</td><td rowspan="3">ക്യാപ്പ് ചെയ്തിരിക്കുന്നത് രൂ ബില്ലിംഗ് സൈക്കിളിന് 100/150/200 (ഉൽപന്നത്തിന്റെ കാർഡ് വേരിയന്റിനെ ആശ്രയിച്ച്, വിശദാംശങ്ങൾക്ക് ടിആൻഡ് സി കാണുക)</td></tr>
<tr><td>Bajaj Finserv DBS Bank SuperCard</td></tr>
<tr><td>DBS SuperX ക്രെഡിറ്റ് കാർഡും DBS SuperX Plus ക്രെഡിറ്റ് കാർഡും</td></tr>
</table>
</td>
</tr>
<tr>
<td>വാടക ഇടപാടുകൾക്കുള്ള ഫീസ്**</td>
<td>ട്രാൻസാക്ഷൻ തുകയിൽ 1% അല്ലെങ്കിൽ രൂ 199, ഏതാണ് ഉയർന്നത് അത്, വാടകയ്ക്ക് ബാധകം (മർച്ചന്റ് കാറ്റഗറി കോഡ്(“MCC”)– 6513)</td>
</tr>
<tr>
<td>യൂട്ടിലിറ്റി ഇടപാടുകൾക്കുള്ള ഫീസ്**

(DBS Vantage Card, DBS Altitude Credit Card എന്നിവയ്ക്ക്</td>
<td>യൂട്ടിലിറ്റി MCC (4900) ക്ക് കീഴിൽ ടാഗ് ചെയ്തിരിക്കുന്ന വ്യാപാരികൾക്കായുള്ള സഞ്ചിത ചെലവുകൾ സ്റ്റേറ്റ്മെന്റ് സൈക്കിളിൽ 20,000 രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ, ഒരു സ്റ്റേറ്റ്മെന്റ്</td>
</tr>
</table>

ബാധകമല്ല)	സൈക്കിളിൽ യൂട്ടിലിറ്റികൾക്കായി ചെലവഴിച്ച സഞ്ചിത ഇടപാട് തുകയുടെ 1% ആണ്
ഇന്ധന ഇടപാടുകൾക്കുള്ള ഫീസ്** (DBS Vantage Card, DBS Altitude Credit Card എന്നിവയ്ക്ക് ബാധകമല്ല)	ഇടപാട് തുകയുടെ 1% അല്ലെങ്കിൽ രൂ. 199 രൂപ, ഏതാണ് ഉയർന്നത് അത്, ഇന്ധന വിഭാഗം എംഎംസികൾ (ഫ്യുവൽ മർച്ചന്റ് കാറ്റഗറി കോഡുകൾ - 1361, 5172, 5541, 5542, 5983, 9752) എന്ന വിഭാഗത്തിൽ ടാഗ് ചെയ്ത വ്യാപാരികൾക്ക് 15,000 രൂപയോ അതിൽ കൂടുതലോ ഇടപാടുകൾക്ക്
വിദ്യാഭ്യാസ പേയ്മെന്റുകൾക്കുള്ള ഫീസ്** (DBS Vantage Card, DBS Altitude Credit Card എന്നിവയ്ക്ക് ബാധകമല്ല)	ഇടപാട് തുകയുടെ 1% അല്ലെങ്കിൽ രൂ. 199, ഏതാണ് ഉയർന്നത്, അത്. CRED, PayTM, Cheq, Mobikwik പോലുള്ള മൂന്നാം കക്ഷി മൊബൈൽ ആപ്ലിക്കേഷനുകൾ/വെബ്സൈറ്റുകൾ (എന്നാൽ ഇവയിൽ മാത്രം പരിമിതപ്പെടുത്തിയിട്ടില്ല) വഴി നടത്തുന്ന വിദ്യാഭ്യാസ പേയ്മെന്റുകളിൽ. കോളേജ്/സ്കൂൾ വെബ്സൈറ്റുകൾ വഴിയോ അവരുടെ പോയിന്റ് ഓഫ് സെയിൽ (POS) മെഷീനുകൾ വഴിയോ നടത്തുന്ന വിദ്യാഭ്യാസ പേയ്മെന്റുകൾക്ക്, അത്തരം ഇടപാടുകൾക്ക് അധിക ഫീസുകളൊന്നും ബാധകമായിരിക്കില്ല. അന്താരാഷ്ട്ര വിദ്യാഭ്യാസ പേയ്മെന്റുകൾ ഈ നിരക്കിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. എജുക്കേഷൻ മർച്ചന്റ് കാറ്റഗറി കോഡുകൾക്ക് ബാധകം - 8211, 8220, 8241, 8244, 8249, 8299
വാക്കറ്റിൽ പണം നിറയ്ക്കുന്നതിനുള്ള നിരക്ക്	1 ഏപ്രിൽ 2026 മുതൽ പ്രാബല്യത്തിൽ വരുന്ന രീതിയിൽ, ₹5,000-മോ അതിനു മുകളിലോ ഉള്ള വാലറ്റ് ലോഡ്

(DBS Vantage Card, DBS Altitude Credit Card എന്നിവയ്ക്ക് ബാധകമല്ല)	ഇടപാടുകൾക്ക് തുകയുടെ 1% നിരക്ക് ബാധകമായിരിക്കും. മെർച്ചന്റ് കാറ്റഗറി കോഡ് - 6540-ന് ഇത് ബാധകമാണ്.
യാത്രാ സംബന്ധമായ ഇടപാടുകൾക്കുള്ള നിരക്ക് (ബാധകമായ MCCs: 4111, 4131, 4784) (DBS Vantage Card, DBS Altitude Credit Card എന്നിവയ്ക്ക് ബാധകമല്ല)	1 ഏപ്രിൽ 2026 മുതൽ പ്രാബല്യത്തിൽ വരുന്ന രീതിയിൽ, ഒരു സ്റ്റേറ്റ്മെന്റ് സൈക്കിളിൽ ആകെ ചിലവാക്കുന്ന തുക ₹10,000 കടന്നാൽ, തിരഞ്ഞെടുക്കപ്പെട്ട യാത്രാ ഇടപാടുകൾക്ക് മൊത്തം തുകയുടെ 1% നിരക്ക് ബാധകമായിരിക്കും. ട്രാവൽ മെർച്ചന്റ് കാറ്റഗറി കോഡുകൾക്ക് ബാധകം: 4111 - ഫെറികൾ ഉൾപ്പെടെയുള്ള പ്രാദേശിക, നഗരപ്രാന്ത യാത്രാ ഗതാഗതം, 4131 - ബസ് സർവീസുകൾ, 4784 - ടോൾ, ബ്രിഡ്ജ് ഫീസുകൾ.
യാത്രാ സംബന്ധമായ ഇടപാടുകൾക്കുള്ള നിരക്ക് (ബാധകമായ MCCs: 4112) (DBS Vantage Card ബാധകമല്ല)	1 ഏപ്രിൽ 2026 മുതൽ പ്രാബല്യത്തിൽ വരുന്ന രീതിയിൽ, ഒരു സ്റ്റേറ്റ്മെന്റ് സൈക്കിളിൽ ആകെ ചിലവാക്കുന്ന തുക ₹20,000 കടന്നാൽ, തിരഞ്ഞെടുക്കപ്പെട്ട യാത്രാ ഇടപാടുകൾക്ക് (പാസഞ്ചർ റെയിൽവേ) മൊത്തം തുകയുടെ 1% നിരക്ക് ബാധകമായിരിക്കും. യാത്രാ മെർച്ചന്റ് കാറ്റഗറി കോഡുകൾക്ക് ബാധകം - 4112 - പാസഞ്ചർ റെയിൽവേ.
വിദേശ കറൻസി ഇടപാട് (ഫോറെക്സ് മാർക്ക്അപ്പ്)	DBS Vantage Card: എല്ലാ വിദേശ ഇടപാടുകൾക്കും 0% DBS Altitude Credit Card: ഏഷ്യയിൽ 0% ഉം, മറ്റെല്ലാ രാജ്യങ്ങളിലുമുള്ള ഇടപാടുകൾക്ക് 1% ഉം ആണ്

DBS Spark ക്രെഡിറ്റ് കാർഡ്	ഇടപാട് തുകയുടെ 3.5%
Bajaj Finserv DBS Bank SuperCard	
DBS SuperX ക്രെഡിറ്റ് കാർഡും DBS SuperX Plus ക്രെഡിറ്റ് കാർഡും	

വിദേശ ഇടപാടുകൾ ഐഎൻആർ ആക്കി മാറ്റുന്നതിന് വിസയ്ക്ക് നൽകുന്ന ചാർജുകളും ഇടപാട് തുകയിൽ ഉൾപ്പെടുന്നു.

ദയവായി ശ്രദ്ധിക്കുക: വിദേശത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളിലെ ഇടപാടുകൾക്ക്, വ്യാപാരി ഇന്ത്യയിലാണെങ്കിൽ പോലും, Visa/ MasterCard/RuPay യിൽ നിന്ന് ബാധകമായ നിരക്കിൽ ചാർജ് ഈടാക്കുന്നതാണ്, അത് നിങ്ങളുടെ സ്റ്റേറ്റ്മെന്റിൽ ഇടപാട് തുകയുടെ ഭാഗമായി ഉൾപ്പെടുത്തുന്നതാണ്.

പ്രസക്തമായ നിയന്ത്രണ അധികാരികൾ ചുമത്തുന്ന സാമ്പത്തിക ഉപരോധങ്ങൾ പാലിക്കാൻ DBS Bank പ്രതിജ്ഞാബദ്ധമാണ്. അതിനാൽ, അത്തരം ഉപരോധങ്ങൾക്ക് വിധേയമായ രാജ്യങ്ങളിൽ നേരിട്ടോ അല്ലാതെയോ ഞങ്ങളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും ഉപയോഗിക്കാൻ ഞങ്ങൾ അനുവദിക്കുന്നില്ല, ഈ രാജ്യങ്ങൾ ഉൾപ്പെടുന്ന ഇടപാടുകൾ പ്രോസസ്സ് ചെയ്യുകയുമില്ല. നിങ്ങൾ ഈ രാജ്യങ്ങളിലാണെങ്കിൽ ഫോൺ ബാങ്കിംഗ്, ഫാക്സിമൈൽ ട്രാൻസ്മിഷൻ, ഇമെയിലുകൾ എന്നിവ വഴി നിങ്ങൾക്ക് ഞങ്ങളെ ബന്ധപ്പെടാനോ ഞങ്ങളുടെ വെബ്സൈറ്റും ഓൺലൈൻ ബാങ്കിംഗും

	ആക്സസ് ചെയ്യാനോ കഴിയില്ലെന്നും ഞങ്ങൾക്ക് നിങ്ങൾക്ക് സാമ്പത്തിക സേവനങ്ങൾ നൽകാൻ കഴിയില്ലെന്നും ദയവായി ശ്രദ്ധിക്കുക. . ഈ രാജ്യങ്ങൾ ഉൾപ്പെടുന്ന പേയ്മെന്റ് അല്ലെങ്കിൽ വ്യാപാര ഇടപാടുകളും ഞങ്ങൾ പ്രോസസ്സ് ചെയ്യില്ല. സാമ്പത്തിക ഉപരോധങ്ങൾക്ക് വിധേയമായ രാജ്യങ്ങളുടെ നിലവിലെ പട്ടികയ്ക്കായി ദയവായി ഞങ്ങളുടെ വെബ്സൈറ്റ് റെഗുലേറ്ററി ഡിസ്ക്ലോഷർ | DBS Bank India Limited പരിശോധിക്കുക.
റിവാർഡ് റിഡംപ്ഷൻ ഫീസ്	രൂ. ഓരോ റിഡംപ്ഷനും 99+ജിഎസ്ടി ഈടാക്കും.
ചരക്കു സേവന നികുതി	കാലാകാലങ്ങളിൽ ബാധകമായ രീതിയിൽ ജിഎസ്ടി ഈടാക്കാം, നിലവിൽ ബാധകമായ ജിഎസ്ടി നിരക്ക് 18% ആണ് (എല്ലാ ഫീസുകളിലും, പലിശയിലും, സർചാർജിലും, മറ്റ് ചാർജുകളിലും ഇത് ബാധകമാണ്)

**കാലാകാലങ്ങളിൽ നിർവചിച്ചിരിക്കുന്ന വിഭാഗങ്ങളുടെ നിർവചനം (ഇന്ധനം, വാടക മുതലായവ) വിസ അല്ലെങ്കിൽ മാസ്റ്റർകാർഡ് അതത് മർച്ചന്റ് കാറ്റഗറി കോഡുകൾ പ്രകാരം ഓരോ വിഭാഗങ്ങൾക്ക് നൽകിയിട്ടുള്ള അതേ അർത്ഥത്തിലായിരിക്കും.

അതിർത്തി കടന്നുള്ള ഇടപാടുകൾക്കുള്ള പ്രധാന വിവരങ്ങൾ:

അതിർത്തി കടന്നുള്ള എല്ലാ ഇടപാടുകളും, അക്വയറിംഗ് സ്ഥാപനം DBS Bank ൽ ചാർജ് തീർപ്പാക്കിയ ദിവസം ബാധകമായ അക്വയറിംഗ് ബാങ്ക് നിയോഗിക്കുന്ന കൺവെർഷൻ നിരക്കുകളിൽ ഐഎൻആർ ആയി പരിവർത്തനം ചെയ്ത ശേഷം കാർഡ് അംഗത്തിന്റെ അക്കൗണ്ടിലേക്ക് ഐഎൻആർ-ൽ ബിൽ ചെയ്യുന്നതാണ് (ഇവിടെ അക്വയറിംഗ് സ്ഥാപനം എന്നതുകൊണ്ട് ഇടപാട് നടന്ന വ്യാപാരിയുടെ സ്ഥാപനത്തിലെ ടെർമിനൽ/ ഉപകരണം/ വെബ്സൈറ്റ് എന്നിവയെ സൂചിപ്പിക്കുന്നു). അതിർത്തി കടന്നുള്ള ഇടപാടുകളുടെ പരിവർത്തനത്തിന് മറ്റ് ഫീസുകളും ചാർജുകളും എന്ന വിഭാഗത്തിൽ

വ്യക്തമാക്കിയിട്ടുള്ള നിരക്കുകൾ ഈടാക്കും. യുഎസ് ഡോളർ ഒഴികെയുള്ള കറൻസിയിൽ നടത്തുന്ന ഇടപാടിന്, ഇടപാട് തുക ആദ്യം നെറ്റ്‌വർക്ക് പങ്കാളി നിയുക്തമായ കൺവെർഷൻ നിരക്കിൽ യുഎസ് ഡോളറായും തുടർന്ന് മറ്റ് ഫീസുകളും ചാർജുകളും എന്ന വിഭാഗത്തിൽ വ്യക്തമാക്കിയിട്ടുള്ള ബാധകമായ നിരക്കുകൾ ഈടാക്കിയ ശേഷം ഐഎൻആർ-ലുമായി പരിവർത്തനം ചെയ്യപ്പെടും.

(iii) ക്യാഷ് അഡ്വാൻസ് ഫീസ് ക്യാഷ് പിൻവലിക്കൽ ചാർജുകൾ:

ക്യാഷ് പിൻവലിക്കൽ ചാർജുകൾ	ഫ്ലാറ്റ് ഫീസ്: ക്യാഷ് തുകയുടെ 2.5% (കുറഞ്ഞത് രൂ. 500)

എടിഎമ്മുകളിലെ ക്രെഡിറ്റ് കാർഡിന്റെ അനുയോജ്യതയ്ക്ക് അനുസൃതമായി, കാർഡ് അംഗത്തിന് ഇന്ത്യയിലും/അല്ലെങ്കിൽ വിദേശത്തുമുള്ള എടിഎമ്മുകളിൽ നിന്ന് പണം പിൻവലിക്കാൻ ക്രെഡിറ്റ് കാർഡ് ഉപയോഗിക്കാം. അത്തരം എല്ലാ പിൻവലിക്കലുകളിലും മുകളിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ക്യാഷ് പിൻവലിക്കൽ ചാർജുകൾ/ട്രാൻസാക്ഷൻ ഫീസ് ഈടാക്കും, കൂടാതെ അടുത്ത/വരാനിരിക്കുന്ന ക്രെഡിറ്റ് കാർഡ് സ്റ്റേറ്റ്മെന്റിൽ കാർഡ് അംഗത്തിന് ബിൽ ചെയ്യുന്നതുമാണ്. ബാങ്കിന്റെ വിവേചനാധികാരത്തിൽ ഇടപാട് ഫീസിൽ മാറ്റം ഉണ്ടായേക്കാവുന്നതാണ്. പേയ്മെന്റ് ഡ്യൂ ഡേറ്റ് സമയത്ത് ക്യാഷ് പിൻവലിക്കലിന് പൂർണ്ണ പേയ്മെന്റ് നടത്തിയില്ലെങ്കിൽ, ഇടപാട് തീയതി മുതൽ പ്രതിമാസം 4% അല്ലെങ്കിൽ വാർഷിക 48% നിരക്കിൽ ഫൈനാൻസ് ചാർജുകൾ ഈടാക്കും.

(iv) ചില ഇടപാടുകൾക്ക് സർവീസ് ചാർജുകൾ ഈടാക്കുന്നതാണ്

ചരക്കു സേവന നികുതി	18% ബാധകമായ പോലെയും കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെടാവുന്നതുമാണ്

(v) പലിശ രഹിത (ഗ്രേസ്) കാലയളവ് - ഉദാഹരണങ്ങളിലൂടെ ചിത്രീകരിച്ചിരിക്കുന്നത് പലിശ രഹിത (ഗ്രേസ്) കാലയളവ് 20 മുതൽ 50

ദിവസം വരെയാകാം, കൂടാതെ പേയ്മെന്റ് ഡ്യൂ തീയതിക്ക് 3 ദിവസം കഴിഞ്ഞ് ഗ്രേസ് പിരീഡ് നൽകുന്നതാണ്. എന്നിരുന്നാലും, മുൻ മാസത്തെ ബാലൻസ് പൂർണ്ണമായും അടച്ചിട്ടില്ലെങ്കിൽ അത്തരം ഗ്രേസ് പിരീഡ് ബാധകമല്ല.

ഉദാഹരണം: സ്റ്റേറ്റ്മെന്റ് തീയതി 20/11/2016 ആയ ഒരു അക്കൗണ്ടിന്, പേയ്മെന്റ് ഡ്യൂ തീയതി 10/12/2016 ആണ്, അതായത് സ്റ്റേറ്റ്മെന്റ് തീയതി മുതൽ 20 ദിവസം, ഇതിനെ പലിശ രഹിത ഗ്രേസ് പിരീഡ് എന്ന് വിളിക്കുന്നു.

(vi) റിവോൾവിംഗ് ക്രെഡിറ്റിനും ക്യാഷ് അഡ്വാൻസുകൾക്കും ഉള്ള ഫൈനാൻസ് ചാർജുകൾ

പ്രൈമറി കാർഡ് അംഗവും/അല്ലെങ്കിൽ ആഡ്-ഓൺ കാർഡ് അംഗവും നടത്തിയ ക്യാഷ് അഡ്വാൻസുകൾ ഉൾപ്പെടെ അത്തരം ഇടപാടുകൾ നടത്തുന്ന തീയതി മുതൽ അവ പൂർണ്ണമായും അടച്ചു തീരുന്നതുവരെ എല്ലാ ചാർജുകൾക്കും പ്രതിമാസ ശതമാന നിരക്കിൽ ഫിനാൻസ് ചാർജുകൾ അടയ്ക്കേണ്ടതാണ്. ഡിമാൻഡ് ഡ്രാഫ്റ്റുകൾ ഓർഡർ ചെയ്യുമ്പോഴും, മറ്റു ക്രെഡിറ്റ് കാർഡ് അക്കൌണ്ടുകളിൽ നിന്നുള്ള ബാലൻസ് ട്രാൻസ്ഫറിനും ഫൈനാൻസ് ചാർജുകൾ ഈടാക്കും. കാഷ് അല്ലെങ്കിൽ ക്യാഷ് തത്തുല്യമായത് പിൻവലിക്കുന്ന തീയതി മുതൽ, കൂടാതെ ബാങ്കേഴ്സ് ചെക്ക് ഇഷ്യൂ ചെയ്യുന്ന തീയതി മുതൽ, അതാതു കേസിന് അനുസരിച്ച്, ചാർജുകൾ ബാധകമാണ്. വാങ്ങലുകൾക്ക്, പേയ്മെന്റ് ഡ്യൂ തീയതിക്കുള്ളിൽ മൊത്തം കുടിശ്ശിക തുക അടച്ചില്ലെങ്കിൽ മാത്രമേ ഫൈനാൻസ് ചാർജുകൾ ഈടാക്കൂ. മറ്റ് ക്രെഡിറ്റ് കാർഡ് അക്കൗണ്ടുകളിൽ നിന്നുള്ള ബാലൻസ് ട്രാൻസ്ഫറിന്റെ കാര്യത്തിൽ, ട്രാൻസ്ഫർ ചെയ്ത തുകയിലും കാർഡ് അംഗത്തിന്റെ കാർഡ് അക്കൗണ്ടിലെ കുടിശ്ശികയുള്ള വാങ്ങൽ തുകയിലും ബാങ്കേഴ്സ് ചെക്ക് ഇഷ്യൂ ചെയ്ത തീയതി മുതൽ തന്നെ ഫൈനാൻസ് ചാർജുകൾ ഈടാക്കും. അടയ്ക്കേണ്ട ഫൈനാൻസ് ചാർജുകൾ ഓരോ സ്റ്റേറ്റ്മെന്റ് കാലയളവിന്റെയും അവസാന തീയതിയിൽ നിങ്ങളുടെ കാർഡ് അക്കൗണ്ടിലേക്ക് ഡെബിറ്റ് ചെയ്യുകയും നിങ്ങളുടെ സ്റ്റേറ്റ്മെന്റിൽ കാണിക്കുകയും ചെയ്യും. കാർഡ് അക്കൗണ്ട് അവസാനിപ്പിച്ചതിനുശേഷമോ അല്ലെങ്കിൽ പണമടയ്ക്കാത്തതിനാൽ എഴുതിത്തള്ളൽ സ്ഥിതിയിലേക്ക് മാറ്റിയതിനുശേഷമോ, കാർഡ് അക്കൗണ്ടിലെ കുടിശ്ശിക പൂർണ്ണമായും തീർക്കുന്നത് വരെ, മുകളിൽ പറഞ്ഞിരിക്കുന്ന ഫൈനാൻസ് ചാർജുകൾ അടയ്ക്കേണ്ടതായി തുടരുന്നതാണ്. നിങ്ങളുടെ പേയ്മെന്റ്, ഉപയോഗം, ആന്തരിക റിസ്ക് പ്രൊഫൈലിംഗ്,

സിഐബിഎൽ പോലുള്ള ബാഹ്യ ഏജൻസികളിലെ സ്കോറുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഈ നിരക്കുകൾ വ്യത്യാസപ്പെടാവുന്നതാണ്.

(vii) ക്രെഡിറ്റ് കാർഡുകളിലെ കുടിശ്ശികയിലെ പലിശ

ഫൈനാൻസ് ചാർജുകൾ (റീട്ടെയിൽ വാങ്ങലും ക്യാഷും)	DBS Vantage Card	പ്രതിവർഷം 42- 48%#	പ്രതിമാസം 3.5%-4%
	DBS Altitude Credit Card		
	B jaj Finserv DBS Bank SuperCard		
	DBS SuperX ക്രെഡിറ്റ് കാർഡും DBS SuperX Plus ക്രെഡിറ്റ് കാർഡും		
	DBS Spark ക്രെഡിറ്റ് കാർഡ്	പ്രതിവർഷം 48%	പ്രതിമാസം 4%

വാർഷിക SNP (ഇഎംഐ) പലിശ നിരക്ക് (SNP: സ്പ്ലിറ്റ് ആൻഡ് പേ)

ട്രാൻസാക്റ്റർ	DBS Vantage Card	29.5% വരെ
	DBS Altitude Credit Card	
	DBS Spark ക്രെഡിറ്റ് കാർഡ്	
	Bajaj Finserv DBS Bank SuperCard	28% വരെ
	DBS SuperX ക്രെഡിറ്റ് കാർഡും DBS SuperX Plus ക്രെഡിറ്റ് കാർഡും	
റിവോൾവർ	DBS Vantage Card	39% വരെ
	DBS Altitude Credit Card	
	DBS Spark ക്രെഡിറ്റ് കാർഡ്	
	Bajaj Finserv DBS Bank SuperCard	
	DBS SuperX ക്രെഡിറ്റ് കാർഡും DBS SuperX Plus ക്രെഡിറ്റ് കാർഡും	

പലിശ തുക ഏറ്റവും അടുത്തുള്ള പൂർണ്ണസംഖ്യയിലേക്ക് റൗണ്ട് ഓഫ് ചെയ്യുന്നതാണ്.

നിങ്ങളുടെ അക്കൗണ്ടിൽ ബാധകമായ നിരക്കിൽ എന്തെങ്കിലും മാറ്റം ഉണ്ടെങ്കിൽ, അത് പ്രാബല്യത്തിൽ വരുന്ന തീയതിക്ക് കുറഞ്ഞത് 30

ദിവസം മുമ്പെങ്കിലും നിങ്ങളുടെ സ്റ്റേറ്റ്മെന്റിലൂടെ നിങ്ങളെ അറിയിക്കുന്നതാണ്. നിങ്ങൾക്ക് ബാധകമായ നിരക്ക് അറിയാൻ താൽപ്പര്യമുള്ളപ്പോഴെല്ലാം, ദയവായി ഞങ്ങളുടെ കസ്റ്റമർ കെയർ നമ്പറിൽ വിളിക്കുക:

DBS Vantage / DBS Altitude കാർഡ് ഉടമകൾ- 1800 209 4555 അല്ലെങ്കിൽ ഞങ്ങളുടെ ഓവർസീസ് കസ്റ്റമർ സർവീസ് നമ്പർ +9144 6685 4555 അല്ലെങ്കിൽ കാർഡ്സ് ഹെൽപ്പ്‌ലൈൻ (സിംഗപ്പൂർ) - 800 852 6186 അല്ലെങ്കിൽ VantageCareIndia@dbs.com എന്ന വിലാസത്തിൽ ഞങ്ങൾക്ക് എഴുതുക.

മറ്റ് DBS ക്രെഡിറ്റ് കാർഡ് ഉടമകൾ- 1860 267 6789 ൽ വിളിക്കുക അല്ലെങ്കിൽ cardcareindia@dbs.com എന്ന വിലാസത്തിൽ എഴുതുക.

- കാർഡ് അംഗം ഓരോ ബില്ലിംഗ് സൈക്കിളിലും പേയ്മെന്റ് ഡ്യൂ തീയതിയിലോ അതിനു മുമ്പോ മൊത്തം തുക അടയ്ക്കുന്നിടത്ത് ഫൈനാൻസ് നിരക്കുകൾ ബാധകമല്ല.
- പേയ്മെന്റ് ഡ്യൂ തീയതിയിലോ അതിനു മുമ്പോ നടത്തിയ പേയ്മെന്റുകൾ മൊത്തം തുകയേക്കാൾ കുറവാണെങ്കിൽ, കാർഡ് അംഗം റിവോൾവിംഗ് സൗകര്യം ഉപയോഗപ്പെടുത്തുന്നതായി പറയപ്പെടുന്നു. ഒരു കാർഡ് അംഗം ഒരു റിവോൾവിംഗ് സൗകര്യം ഉപയോഗിക്കുമ്പോൾ ഫൈനാൻസ് നിരക്കുകൾ ബാധകമാണ്.
- പേയ്മെന്റ് ഡ്യൂ തീയതിക്കുള്ളിൽ കാർഡ് അംഗം മൊത്തം തുക അടയ്ക്കുന്നതുവരെ (റിവേഴ്സലുകൾ മുതലായവയ്ക്കായി ക്രമീകരിച്ചത്) റിവോൾവിംഗ് സൗകര്യം തുടർന്നും ലഭ്യമാകും.
- റിവോൾവിംഗ് സൗകര്യം ഉപയോഗിക്കുന്നുണ്ടോ എന്നതിനെക്കുറിച്ചുള്ള കാർഡ് അംഗത്തിന്റെ സ്റ്റാറ്റസ്, പ്രതിമാസ സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന പേയ്മെന്റ് ഡ്യൂ തീയതിയിൽ മാത്രമേ നിർണ്ണയിക്കൂ.
- പേയ്മെന്റ് ഡ്യൂ ഡേറ്റിനുള്ളിൽ കാർഡ് അംഗം ആകെ തുക അടച്ചില്ലെങ്കിൽ, പലിശ രഹിത ക്രെഡിറ്റ് കാലയളവ് നഷ്ടപ്പെടുകയും ഒപ്പം ഇനിപ്പറയുന്നവ ബാധകമാകുകയും ചെയ്യും:
- കുടിശ്ശികയുള്ള ആകെ തുകയ്ക്കും (പേയ്മെന്റുകൾ/റീഫണ്ടുകൾ/റിവേഴ്സ്സ് ഇടപാടുകൾ എന്നിവ ക്രെഡിറ്റ് ചെയ്യുമ്പോൾ ക്രമീകരിച്ചതിനു ശേഷം) ഫീസ്/ചാർജുകൾ, ജിഎസ്ടി/നികുതികൾ (ഇടപാട് തീയതി മുതൽ) ഒഴികെയുള്ള എല്ലാ പുതിയ ഇടപാടുകൾക്കും മുൻ കുടിശ്ശിക തുകകൾ പൂർണ്ണമായി അടയ്ക്കുന്നതുവരെ പലിശ ഈടാക്കും.

- കാർഡ് അംഗം അവസാന സ്റ്റേറ്റ്മെന്റിൽ റിവോൾവിംഗ് സൗകര്യം ഉപയോഗിക്കുകയും പേയ്മെന്റ് ഡ്യൂ ഡേറ്റ് പ്രകാരം ആ സ്റ്റേറ്റ്മെന്റിന്റെ ആകെ തുക അടയ്ക്കുകയും ചെയ്താൽ, അവസാന സ്റ്റേറ്റ്മെന്റിന്റെ കുടിശ്ശിക ബാലൻസ് തുകയ്ക്ക് അത്തരം പേയ്മെന്റ് തീയതി വരെ മാത്രമേ ഫൈനാൻസ് ചാർജുകൾ ബാധകമാകൂ. അത്തരം സാഹചര്യത്തിൽ, അവസാന സ്റ്റേറ്റ്മെന്റിന് ശേഷം നടത്തിയ (അല്ലെങ്കിൽ ചേർത്ത) പുതിയ ഇടപാടുകൾക്ക് ഫൈനാൻസ് ചാർജുകൾ ബാധകമാകില്ല.
- പലിശ ഡെയ്ലി ബാലൻസ് അടിസ്ഥാനത്തിൽ കണക്കാക്കുന്നു. പേയ്മെന്റുകൾ/റിവേഴ്സൽസ്, മറ്റ് ക്രെഡിറ്റുകൾ എന്നിവ കൊണ്ട് ഡെയ്ലി ബാലൻസ് ക്രമീകരിക്കുന്നതാണ്.
- കാർഡ് അക്കൗണ്ട് ക്ലോസ് ചെയ്തതിനു ശേഷവും, കാർഡിലെ കുടിശ്ശിക പൂർണ്ണമായും അടയ്ക്കുന്നതുവരെ മുകളിൽ പറഞ്ഞ ഫൈനാൻസ് ചാർജുകൾ അടയ്ക്കേണ്ടതായി തുടരുന്നതാണ്.

മിനിമം എമൗണ്ട് ഡ്യൂ (MAD) കണക്കാക്കുന്നത് പുതിയ വാങ്ങലുകളുടെയും പണം പിൻവലിക്കലുകളുടെയും മുമ്പ് അടയ്ക്കാത്ത മുതൽ കുടിശ്ശിക + ആ മാസത്തേക്കുള്ള പുതിയ ഇഎംഐ ഡെബിറ്റുകൾ അല്ലെങ്കിൽ മുമ്പ് അടയ്ക്കാത്ത ഏതെങ്കിലും ഇഎംഐ ഡെബിറ്റുകൾ + ജിഎസ്ടി + ബാധകമായ ഫീസ് + അംഗീകൃത ക്രെഡിറ്റ് പരിധിക്ക് മുകളിൽ ഉപയോഗിച്ച തുക + മുമ്പ് അടയ്ക്കാത്ത MAD + 100% റിവോൾവിംഗ് പലിശ + 100% ക്യാഷ് പിൻവലിക്കൽ പലിശ + RBI സർക്കുലർ പ്രകാരം കാലാകാലങ്ങളിൽ നിർവചിച്ചിരിക്കുന്നത് പോലെ മറ്റ് ഫീസ്/ചാർജുകൾ, എന്തെങ്കിലും ഉണ്ടെങ്കിൽ അവയുടെ 2% (കുറഞ്ഞത് ഐഎൻആർ 100 ന് വിധേയമായി) ആയി കണക്കാക്കും.

പലിശ നിരക്ക് കണക്കാക്കുന്നതിനുള്ള ഉദാഹരണം: പേയ്മെന്റ്ഡ്യൂ തീയതിക്കുള്ളിൽ കുടിശ്ശിക തുകയുടെ ഒരു ഭാഗം മാത്രമേ അടച്ചിട്ടുള്ളൂവെങ്കിൽ, പട്ടികയിൽ കാണിച്ചിരിക്കുന്നതുപോലെയായിരിക്കും പലിശ കണക്കുകൂട്ടൽ.

ഇടപാടിൻറെ വിശദാംശങ്ങൾ			
ക്രമ നമ്പർ	തീയതി	ഇടപാട്	തുക

A	12-ജൂലൈ-21	ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങിയത്	രൂ. 6,000
B	26-ജൂലൈ-21	പുറത്ത് ഭക്ഷണം കഴിച്ചത്	രൂ. 4,000
C	02-ഓഗസ്റ്റ്-21	സ്റ്റേറ്റ്മെന്റ് തീയതി	അടയ്ക്കേണ്ട ആകെ തുക: രൂ. 10,000
D			അടയ്ക്കേണ്ട മിനിമം തുക: രൂ. 500
E	10-ഓഗസ്റ്റ്-21	പലചരക്ക് സാധനങ്ങൾ വാങ്ങിയത്	രൂ. 4,000
F	15-ഓഗസ്റ്റ്-21	വസ്ത്രങ്ങൾ വാങ്ങിയത്	രൂ. 2,000
G	22-ഓഗസ്റ്റ്-21	പേയ്മെന്റ് ക്രെഡിറ്റ്	രൂ. 500
H	2-സെപ്റ്റംബർ-21	ഇഎംഐ (1/3, ജിഎസ്ടി ഉൾപ്പെടെ)	രൂ. 1000
I	2-സെപ്റ്റംബർ-21	സ്റ്റേറ്റ്മെന്റ് തീയതി	അടയ്ക്കേണ്ട ആകെ തുക: രൂ. 17,192.72
			അടയ്ക്കേണ്ട മിനിമം തുക: രൂ. 2592.40

കുടിശ്ശിക തുകയുടെ പലിശ താഴെ പറയുന്ന രീതിയിൽ ഈടാക്കും:

ദിവസ പലിശ = കുടിശ്ശിക തുക *(4%*12 മാസം)/365

*ആകെ കുടിശ്ശിക തുകയിൽ കുടിശ്ശിക തുക, പുതിയ വാങ്ങലുകൾ, പലിശ നിരക്കുകൾ (പലിശ കണക്കുകൂട്ടൽ താഴെ കാണിച്ചിരിക്കുന്നു) കൂടാതെ ബാധകമായ ചരക്ക് സേവന നികുതികൾ എന്നിവ ഉൾപ്പെടുന്നു.

പലിശ കണക്കുകൂട്ടൽ:

ഇടപാട് തുക	കാലയളവ്	ദിവസങ്ങളുടെ എണ്ണം	തുക
രൂ. 6,000	12 ജൂലൈ 2023 മുതൽ 21 ഓഗസ്റ്റ് 2023 വരെ	41	323.51
രൂ. 4,000	26 ജൂലൈ 2023 മുതൽ 21 ഓഗസ്റ്റ് 2023 വരെ	27	142.03
രൂ. 4,000	10 ഓഗസ്റ്റ് 2023 മുതൽ 02 സെപ്റ്റംബർ 2023 വരെ	24	126.25
രൂ. 2,000	15 ഓഗസ്റ്റ് 2023 മുതൽ 02 സെപ്റ്റംബർ 2023 വരെ	19	49.97
രൂ. 9,500 (രൂ. 500 പേയ്മെന്റ് ക്രമീകരിച്ചതിനുശേഷം ബാക്കി 500)	22 ഓഗസ്റ്റ് 2023 മുതൽ 02 സെപ്റ്റംബർ 2023 വരെ	12	149.92

കുറിപ്പ്: ഈ പട്ടിക ചിത്രീകരണ ആവശ്യങ്ങൾക്ക് മാത്രമുള്ളതാണ്.

“അതിനാൽ, ഈടാക്കുന്ന ആകെ പലിശ (ഫൈനാൻസ് ചാർജ് + മാറ്റിവച്ച ഫിനാൻസ് ചാർജുകൾ ഇതായിരിക്കും: രൂ.791.68 കാർഡ് അംഗം കഴിഞ്ഞ മാസത്തെ കുടിശ്ശിക തുക പൂർണ്ണമായും

അടച്ചിട്ടില്ലാത്തതിനാൽ, ഭാവിയിലെ എല്ലാ ഇടപാടുകൾക്കും ഇടപാട് ദിവസം മുതൽ പലിശ ഈടാക്കും. പലിശ തുകയിൽ ബാധകമായ ചരക്ക്, സേവന നികുതി ഈടാക്കും.”

ചിത്രീകരണം 1:

ഇടപാടിൻറെ വിശദാംശങ്ങൾ			
ക്രമ നമ്പർ	തീയതി	ഇടപാട്	തുക
A	12 ജൂലൈ 24	ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങിയത്	രൂ. 6,000
B	26 ജൂലൈ 24	ജോയിനിംഗ് ഫീസ്	രൂ. 1,000
C	26 ജൂലൈ 24	ജോയിനിംഗ് ഫീസിന്റെ ജിഎസ്ടി	രൂ. 180
D	02 ഓഗസ്റ്റ് 24	സ്റ്റേറ്റ്മെന്റ് തീയതി (അടയ്ക്കേണ്ട തീയതി: 22 ഓഗസ്റ്റ് 24)	അടയ്ക്കേണ്ട ആകെ തുക: രൂ. 7,180
			അടയ്ക്കേണ്ട മിനിമം തുക: രൂ. 1,300
E	10 ആഗസ്റ്റ് 24	പലചരക്ക് സാധനങ്ങൾ വാങ്ങിയത്	രൂ. 4,000
F	20 ആഗസ്റ്റ് 24	പണം പിൻവലിക്കൽ	രൂ. 2000
G	20 ആഗസ്റ്റ് 24	പണം പിൻവലിക്കൽ ഫീസ്	രൂ. 500
H	20 ആഗസ്റ്റ് 2024	പണം പിൻവലിക്കൽ ഫീസിന്റെ ജിഎസ്ടി	രൂ. 90
I	22 ഓഗസ്റ്റ് 24	പേയ്മെന്റ് ക്രെഡിറ്റ്	രൂ. 1,300
J	01 സെപ്റ്റംബർ 24	ഇഎംഐ (1/3, ജിഎസ്ടി ഉൾപ്പെടെ)	രൂ. 1000
K	02 സെപ്റ്റംബർ 24	പണം പിൻവലിക്കലിന്റെ പലിശ	രൂ. 120.99
L	02 സെപ്റ്റംബർ 24	പണം പിൻവലിച്ചതിന്റെ പലിശയുടെ ജിഎസ്ടി	രൂ. 21.78

M	02 സെപ്റ്റംബർ 24	റിവോൾവിംഗ് പലിശ	രൂ. 621.66
N	02 സെപ്റ്റംബർ 24	റിവോൾവിംഗ് പലിശയുടെ ജിഎസ്ടി	രൂ. 111.90
O	02 സെപ്റ്റംബർ 24	സ്റ്റേറ്റ്മെന്റ് തീയതി	അടയ്ക്കേണ്ട ആകെ തുക: രൂ. 14,346.33
			അടയ്ക്കേണ്ട മിനിമം തുക: രൂ. 2,703.93

താഴെ കൊടുത്തിരിക്കുന്ന ചിത്രീകരണം പലിശ നിരക്കുകൾ കണക്കാക്കുന്ന രീതിയെ സൂചിപ്പിക്കുന്നു:

താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ, മുൻ മാസത്തെ സ്റ്റേറ്റ്മെന്റിന്റെ ആകെ തുക പേയ്മെന്റ് അവസാന തീയതിയിൽ അടച്ചിട്ടുണ്ടെന്നും കുടിശ്ശിക തുകയില്ലെന്നും അനുമാനിച്ചിരിക്കുന്നു. സ്റ്റേറ്റ്മെന്റ് തീയതി എല്ലാ മാസവും 8-ആം തീയതിയാണ്. ഈ അനുമാനങ്ങൾ കണക്കിലെടുക്കുമ്പോൾ, പലിശ ഇനിപ്പറയുന്ന രീതിയിൽ കണക്കാക്കും:

ഇടപാട്	₹
20 സെപ്റ്റംബർ 2023-ന് വാങ്ങിയത്	2,000.00
08 ഒക്ടോബർ 2023-ലെ സ്റ്റേറ്റ്മെന്റിൽ അടയ്ക്കേണ്ട ആകെ തുക	2,000.00
08 ഒക്ടോബർ 2023-ലെ സ്റ്റേറ്റ്മെന്റിൽ അടയ്ക്കേണ്ട മിനിമം തുക	100.00
താഴെ കൊടുത്തിരിക്കുന്ന ചിത്രീകരണം പലിശ നിരക്കുകൾ കണക്കാക്കുന്ന രീതിയെ സൂചിപ്പിക്കുന്നു: താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ, മുൻ മാസത്തെ സ്റ്റേറ്റ്മെന്റിന്റെ ആകെ തുക പേയ്മെന്റ് അവസാന തീയതിയിൽ അടച്ചിട്ടുണ്ടെന്നും കുടിശ്ശിക തുകയില്ലെന്നും അനുമാനിച്ചിരിക്കുന്നു. സ്റ്റേറ്റ്മെന്റ് തീയതി എല്ലാ മാസവും 15 തീയതിയാണ്. ഈ അനുമാനങ്ങൾ കണക്കിലെടുക്കുമ്പോൾ, പലിശ ഇനിപ്പറയുന്ന രീതിയിൽ കണക്കാക്കും:	
15 ഒക്ടോബർ 2023-ലെ വാങ്ങൽ, വാടക നൽകിയത്	2,000.00
15 ഒക്ടോബർ 2023-ന് വാടക പേയ്മെന്റിനുള്ള കൺവീനിയൻസ് ഫീസ്	20.00

കൺവീനിയൻസ് ഫീസ് നികുതി	3.60
29 ഒക്ടോബർ 2023-ന് LPC ഈടാക്കി	600
എൽപിസിയിലെ നികുതി	108
08 നവംബർ 2023-ന് നൽകിയ സ്റ്റേറ്റ്മെന്റിൽ, ഇനിപ്പറയുന്ന പലിശ നിരക്കുകൾ ഈടാക്കും:	
എ) 20 സെപ്റ്റംബർ 2023-ന്റെ ഇടപാടിൽ പലിശ	123.29
ബി) 15 ഒക്ടോബർ 2023-ലെ ഇടപാടിൽ പലിശ	61.65
സി) കൺവീനിയൻസ് ഫീസിലെ പലിശ - പ്രീ ഡിപ്ലോയ്മെന്റ്	0.56
ഡി) കൺവീനിയൻസ് ഫീസിലെ ജിഎസ്ടിയിലെ പലിശ- പ്രീ ഡിപ്ലോയ്മെന്റ്	0.10

ചിത്രീകരണം 2:

സ്റ്റേറ്റ്മെന്റ് തീയതി: 02 ഓഗസ്റ്റ്-2024

അടയ്ക്കേണ്ട മിനിമം തുക (MAD) = പുതിയ വാങ്ങലുകളുടെയും പണം പിൻവലിക്കലുകളുടെയും 2%, മുമ്പ് അടയ്ക്കാത്ത ഏതെങ്കിലും മുതൽ തുകയുടെ കുടിശ്ശിക + മാസത്തെ പുതിയ ഇഎംഐ ഡെബിറ്റുകൾ അല്ലെങ്കിൽ മുമ്പ് അടയ്ക്കാത്ത ഏതെങ്കിലും ഇഎംഐ ഡെബിറ്റുകൾ + ജിഎസ്ടി + ബാധകമായ ഫീസ് + അംഗീകൃത ക്രെഡിറ്റ് പരിധിക്ക് മുകളിൽ ഉപയോഗിച്ച തുക + മുമ്പ് അടയ്ക്കാത്ത MAD + 100% റിവോൾവിംഗ് പലിശ + 100% ക്യാഷ് പിൻവലിക്കൽ പലിശ + മറ്റ് ഫീസ്/ചാർജുകൾ

= (പുതിയ വാങ്ങലുകളുടെയും പണം പിൻവലിക്കലുകളുടെയും 2% (6,000)) + ജിഎസ്ടി (180) + ഫീസ് (1,000)

= രൂ. 1,300

ചിത്രീകരണം3:

02 സെപ്റ്റംബർ 2024-ലെ സ്റ്റേറ്റ്മെന്റ്:

അടയ്ക്കേണ്ട മിനിമം തുക (MAD) = പുതിയ വാങ്ങലുകളുടെയും പണം പിൻവലിക്കലുകളുടെയും 2%, മുമ്പ് അടയ്ക്കാത്ത ഏതെങ്കിലും മുതൽ തുകയുടെ കുടിശ്ശിക + മാസത്തെ പുതിയ ഇഎംഐ ഡെബിറ്റുകൾ അല്ലെങ്കിൽ മുമ്പ് അടയ്ക്കാത്ത ഏതെങ്കിലും ഇഎംഐ ഡെബിറ്റുകൾ + ജിഎസ്ടി + ബാധകമായ ഫീസ് + അംഗീകൃത ക്രെഡിറ്റ് പരിധിക്ക്

മുകളിൽ ഉപയോഗിച്ച തുക + മുമ്പ് അടയ്ക്കാത്ത MAD + 100% റിവോൾവിംഗ് പലിശ + 100% ക്യാഷ് പിൻവലിക്കൽ പലിശ + മറ്റ് ഫീസ്/ചാർജുകൾ

= (പുതിയ വാങ്ങലുകളുടെയും പണം പിൻവലിക്കലുകളുടെയും 2%, മുമ്പ് അടയ്ക്കാത്ത മുതലിന്റെ കുടിശ്ശിക (4,000+2,000+5,880)) + ജിഎസ്ടി (90+21.78+111.9) + ഇഎംഐ ഡെബിറ്റുകൾ (1,000) + ഫീസ് (500) + (റിവോൾവിംഗ് പലിശയുടെ 100% (621.66)) + (ക്യാഷ് പിൻവലിക്കൽ പലിശയുടെ 100%) (120.99)

= രൂ. 2,703.93

(viii) വീഴ്ച സംഭവിച്ചാൽ ഈടാക്കുന്ന ചാർജുകൾ

നിങ്ങളുടെ കാർഡിലെ ലേറ്റ് പേയ്മെന്റ് ഫീസ് എന്നത്, പേയ്മെന്റ് ഡ്യൂ ഡേറ്റിലെ (PDD) ആകെ തുകയുടെ ഒരു പ്രവർത്തനമാണ്. ഉപഭോക്താവ് MAD -യിൽ താഴെയുള്ള ഭാഗിക പേയ്മെന്റ് നടത്തുകയാണെങ്കിൽ, നടത്തിയ ഭാഗിക പേയ്മെന്റിനായി ക്രമീകരിച്ചതിന് ശേഷം, TAD അനുസരിച്ച് പേയ്മെന്റ് ഡ്യൂ ഡേറ്റ് (PDD)-ൽ LPC കണക്കാക്കും. ലേറ്റ് പേയ്മെന്റ് ഫീസ് താഴെ സൂചിപ്പിച്ചതുപോലെ ഈടാക്കുന്നു:

- 100 രൂപ വരെ ആകെ കുടിശ്ശിക തുകയ്ക്ക് ഇല്ല.
- 100 രൂപയിൽ കൂടുതലും 500 രൂപ വരെയുമുള്ള ആകെ കുടിശ്ശിക തുകയ്ക്ക് 99 രൂപ.
- 500 രൂപയിൽ കൂടുതലും 5,000 രൂപ വരെയുമുള്ള ആകെ കുടിശ്ശിക തുകയ്ക്ക് 499 രൂപ.
- 5,000 രൂപയിൽ കൂടുതലുള്ള ആകെ കുടിശ്ശിക തുകയുടെ 10%, പരമാവധി രൂ 1299.

ലേറ്റ് പേയ്മെന്റ് ഫീ കണക്കുകൂട്ടലിന്റെ ചിത്രീകരണങ്ങൾ:

ഇടപാട്	**₹**
20 സെപ്റ്റംബർ 2024-ലെ വാങ്ങൽ	5,020.00
12 ഒക്ടോബർ 2024-ന് സ്റ്റേറ്റ്മെന്റിൽ അടയ്ക്കേണ്ട ആകെ തുക	5,020.00
12 ഒക്ടോബർ 2024-ന് സ്റ്റേറ്റ്മെന്റിൽ അടയ്ക്കേണ്ട മിനിമം തുക	101.00
പണമടയ്ക്കേണ്ട അവസാന തീയതി – 1 നവംബർ 2024,	

29 ഒക്ടോബർ 2024-ലെ പേയ്മെന്റ്	95.00
1 നവംബർ 2024-ലെ കുടിശ്ശിക തുക	4925.00
ലേറ്റ് പേയ്മെന്റ് ഫീസ്	499.00
ലേറ്റ് പേയ്മെന്റ് ഫീസിന്റെ നികുതി	89.82

(B) പിൻവലിക്കൽ പരിധികൾ (WITHDRAWAL LIMITS)

(a) ക്രെഡിറ്റ് പരിധി: ക്രെഡിറ്റ് പരിധി കാർഡ് ഉടമയ്ക്ക് നൽകിയിട്ടുള്ള പരമാവധി പരിധിയാണ്. ക്രെഡിറ്റ്, ക്യാഷ് പരിധികൾ ഓരോ കാർഡ് ഉടമയ്ക്കും വ്യത്യാസപ്പെടും, കൂടാതെ ക്രെഡിറ്റ് കാർഡ് ഡെലിവറി ചെയ്യുന്ന സമയത്ത് അറിയിക്കുകയും പ്രതിമാസ സ്റ്റേറ്റ്മെന്റിൽ സൂചിപ്പിക്കുകയും ചെയ്യും.

(b) ലഭ്യമായ ക്രെഡിറ്റ് പരിധി: മൊത്തം ക്രെഡിറ്റ് പരിധിയിൽ നിന്ന് ഉപയോഗിച്ച പരിധി കുറച്ചാണ് ലഭ്യമായ ക്രെഡിറ്റ് പരിധി കണക്കാക്കുന്നത്. ഓരോ കാർഡ് ഉടമയ്ക്കും ക്രെഡിറ്റിന്റെയും ക്യാഷിന്റെയും പരിധി വ്യത്യാസപ്പെടും, കൂടാതെ പ്രതിമാസ സ്റ്റേറ്റ്മെന്റിൽ അത് വെളിപ്പെടുത്തുകയും ചെയ്യും.

(c) പണം പിൻവലിക്കൽ പരിധി: കാർഡിൽ നൽകിയിരിക്കുന്ന മൊത്തം ക്രെഡിറ്റ് പരിധിയുടെ ഉപവിഭാഗമാണ് ക്യാഷ് പരിധി. ക്രെഡിറ്റ് പരിധിയുടെ 10% ആണ് ക്യാഷ് പിൻവലിക്കൽ പരിധി. പരിധികൾ വെൽക്കം കിറ്റിൽ അറിയിക്കുകയും പ്രതിമാസ സ്റ്റേറ്റ്മെന്റിൽ സൂചിപ്പിക്കുകയും ചെയ്യും. DBS Bank അതിന്റെ സ്വന്തം വിവേചനാധികാരത്തിലും സമയാസമയങ്ങളിൽ DBS Bank നിങ്ങളെ അറിയിക്കുന്ന നിബന്ധനകളിലും കാർഡ് അംഗത്തിന് ക്യാഷ് പരിധി ലഭ്യമാക്കും.

(d) ഒരേ ക്രെഡിറ്റ് കാർഡ് അക്കൗണ്ടിലേക്ക് ഒന്നിലധികം ക്രെഡിറ്റ് കാർഡുകൾ ഒരു ഉപഭോക്താവിലേക്ക് മാപ്പ് ചെയ്തിട്ടുണ്ടെങ്കിൽ, എല്ലാ ക്രെഡിറ്റ് കാർഡുകളിലും കൂടി കണക്കാക്കിയ സംയോജിത പരിധി വരെ മാത്രമേ മൊത്തം ചെലവുകൾ നടത്താൻ കഴിയൂ. ഉപഭോക്താവിന്റെ കൈവശമുള്ള എല്ലാ ക്രെഡിറ്റ് കാർഡുകളിലുമുള്ള പരമാവധി പരിധിയായി മൊത്തം ക്രെഡിറ്റ് പരിധി നിർവചിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്നു. മൊത്തത്തിലുള്ള

ക്രെഡിറ്റ് പരിധിയേക്കാൾ കൂടുതൽ നടത്തുന്ന ഏതൊരു ഇടപാടും നിരസിക്കപ്പെടും.

(e) ആന്തരിക മാനദണ്ഡങ്ങൾക്കനുസരിച്ച് കാർഡ് ഉടമയുടെ ക്രെഡിറ്റ് പരിധിയും/അല്ലെങ്കിൽ ക്യാഷ് പരിധിയും ആനുകാലികമായി കുറയ്ക്കുന്നതിന് DBS Bank കാർഡ് ഉടമയുടെ അക്കൗണ്ട് അവലോകനം ചെയ്യും. ക്രെഡിറ്റ് പരിധിയും/അല്ലെങ്കിൽ ക്യാഷ് പരിധിയും വർദ്ധിപ്പിക്കുന്നതിന് കാർഡ് ഉടമയുടെ മുൻകൂർ രേഖാമൂലമുള്ള സമ്മതം ആവശ്യമാണ്, കൂടാതെ DBS Bank അത് ഉപയോഗിക്കുമ്പോൾ കാർഡ് ഉടമയെ അറിയിക്കുകയും ചെയ്യും. ക്രെഡിറ്റ് പരിധി വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്ന കാർഡ് ഉടമകൾക്ക് ഞങ്ങളുടെ 24 മണിക്കൂർ കസ്റ്റമർ സർവീസ് നമ്പറിൽ ബന്ധപ്പെടുകയും അവരുടെ വരുമാനം തെളിയിക്കുന്ന സാമ്പത്തിക രേഖകൾ നൽകുകയും ചെയ്യാം. DBS Bank, അതിന്റെ സ്വന്തം വിവേചനാധികാരത്തിലും നൽകിയിട്ടുള്ള അത്തരം പുതിയ രേഖകളുടെ അടിസ്ഥാനത്തിലും, കാർഡ് ഉടമയുടെ ക്രെഡിറ്റ് പരിധി വർദ്ധിപ്പിച്ചേക്കാം.

ഉൽപ്പന്നം	**ഇന്ത്യ**	**ഓവർസീസ് കസ്റ്റമർ സർവീസ് നമ്പർ**
DBS Vantage Card & DBS Altitude Credit Card	1800 209 4555	+9144 6685 4555 അല്ലെങ്കിൽ കാർഡ്സ് ഹെൽപ്പ്ലൈൻ (സിംഗപ്പൂർ) - 800 852 6186.
DBS Bank Spark ക്രെഡിറ്റ് കാർഡ് (എല്ലാ കാർഡ് വകഭേദങ്ങളും)	1860 267 6789	+9144- 69046789
Bajaj Finserv DBS Bank SuperCard (എല്ലാ കാർഡ് വകഭേദങ്ങളും)	1860 267 6789	+9144- 69046789
DBS SuperX ക്രെഡിറ്റ് കാർഡും DBS SuperX Plus ക്രെഡിറ്റ് കാർഡും	1860 267 6789	+9144- 69046789

(f) നിങ്ങളുടെ ക്രെഡിറ്റ് കാർഡ് റദ്ദാക്കിയാൽ ക്രെഡിറ്റ് പരിധിയും കാർഡ് അക്കൗണ്ടും അവസാനിപ്പിക്കപ്പെടും.

(g) ബാങ്ക് സ്വന്തം വിവേചനാധികാരത്തിൽ, ആന്തരിക അവലോകനത്തിന്റെ അടിസ്ഥാനത്തിൽ കാർഡ് അംഗത്തിന്റെ ക്രെഡിറ്റ് പരിധി കുറച്ചേക്കാം, കൂടാതെ അത് ബാധകമാക്കുമ്പോൾ കാർഡ് അംഗത്തെ അറിയിക്കുകയും ചെയ്യും. കൂടാതെ, ക്രെഡിറ്റ് പരിധിയിലെ ഏതൊരു വർദ്ധനവും കാർഡ് ഉടമയുടെ മുൻകൂർ സമ്മതത്തോടെ ആയിരിക്കും നടത്തുന്നത്

(h) ക്രെഡിറ്റ് കാർഡിന്റെ ഉപയോഗം, ഇന്ത്യയ്ക്ക് പുറത്ത് നടത്തുന്ന ഏതൊരു ഇടപാടും ഉൾപ്പെടെ, എന്നാൽ അതിൽ മാത്രം പരിമിതപ്പെടുത്താതെ, ബാധകമായ നിയമങ്ങൾക്ക് വിധേയമാണ്. അവ 1999 ലെ ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ടും RBI മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചായിരിക്കണം, കൂടാതെ അങ്ങനെ ചെയ്യാതിരിക്കുകയോ അതിൽ വീഴ്ച വരുത്തുകയോ ചെയ്താൽ, നിങ്ങൾ ശിക്ഷാനടപടിക്ക് വിധേയരാകുന്നതാണ്. ബാങ്കിന്റെ നിയന്ത്രണ മാർഗ്ഗനിർദ്ദേശങ്ങൾ, നിബന്ധനകളും വ്യവസ്ഥകളും ബാധകമായ നയങ്ങളും അനുസരിച്ചാണ് ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുന്നതെന്ന് ഉറപ്പാക്കാൻ, ഒരു സ്റ്റേറ്റ്മെന്റ് സൈക്കിളിൽ അനുവദിച്ച പരിധിക്കപ്പുറം അമിതമായ ക്രെഡിറ്റ് പരിധി ഉപയോഗിച്ചിട്ടുണ്ടോ, തിരഞ്ഞെടുത്ത കുറച്ച് വ്യാപാരികളിൽ മാത്രം അസാധാരണമോ അമിതമോ ആയ ഉപയോഗം ഉണ്ടോ, വ്യാപാരിയുമായുള്ള ഗൂഢാലോചനയും/അല്ലെങ്കിൽ വ്യക്തിപരമല്ലാത്ത/ബിസിനസ് സംബന്ധമായ ആവശ്യകതകൾക്കായുള്ള ഉപയോഗവും, അനാവശ്യമായ റിവാർഡ് പോയിന്റുകൾ/ക്യാഷ് ബാക്ക്/മറ്റ് ആനുകൂല്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി വിശേഷതകൾ/ ഫറുകൾ/ പ്രോഗ്രാമുകൾ എന്നിവയുടെ അമിത ഉപയോഗം/ദുരുപയോഗം എന്നിവ ഉണ്ടോ എന്ന് തിരിച്ചറിയാൻ ക്രെഡിറ്റ് കാർഡ് ഉപയോഗത്തിൽ ഇടയ്ക്കിടെ പരിശോധനകൾ നടത്താൻ ബാങ്കിന് അവകാശമുണ്ട്. ഉപയോഗ രീതികളെ അടിസ്ഥാനമാക്കി, ഇവയിൽ ഏതെങ്കിലും സംശയം ബാങ്കിനു തോന്നുകയാണെങ്കിൽ, ക്രെഡിറ്റ് കാർഡിൽ ബാങ്കിന് നിയന്ത്രണ നടപടി സ്വീകരിക്കാവുന്നതാണ്. അത്തരം നടപടി ഉടനടി പ്രാബല്യത്തിൽ വരാം, കൂടാതെ സവിശേഷതകളോ/ആനുകൂല്യങ്ങളോ പിൻവലിക്കൽ, ക്രെഡിറ്റ് കാർഡ് താൽക്കാലികമായി നിർത്തിവയ്ക്കൽ/പൂർണ്ണമായി അവസാനിപ്പിക്കൽ എന്നിവ ഇതിൽ ഉൾപ്പെടാം, എന്നാൽ അതിൽ മാത്രമായി പരിമിതപ്പെടണമെന്നില്ല. ബാങ്ക് അത്തരമൊരു നടപടി സ്വീകരിക്കുകയാണെങ്കിൽ, ക്രെഡിറ്റ് കാർഡും അതിനോടൊപ്പം ലഭ്യമായ സവിശേഷതകളും/ആനുകൂല്യങ്ങളും

പുനഃസ്ഥാപിക്കുന്നതിന് ബാങ്ക് ഉചിതമെന്ന് കരുതുന്ന, ന്യായപൂർണമായ ഉപയോഗമായിരുന്നു എന്ന് കാണിക്കുന്നതിന് തൃപ്തികരമായ തെളിവ് നൽകേണ്ട ഉത്തരവാദിത്തം കാർഡ് അംഗത്തിനായിരിക്കും. ഇക്കാര്യത്തിൽ ബാങ്കിന്റെ തീരുമാനം അന്തിമവും കാർഡ് അംഗത്തിന് ബാധകവുമായിരിക്കും.

കാർഡ് അപ്ഗ്രേഡ് (**DBS Vantage card ഒഴികെയുള്ള കാർഡ് വേരിയന്റുകളിൽ ബാധകം**)

കാർഡ് വേരിയന്റ് അപ്ഗ്രേഡിന്റെ കാര്യത്തിൽ, കാർഡ് വേരിയന്റ് അപ്ഗ്രേഡ് ചെയ്യുമ്പോൾ പ്രയോഗിക്കുന്നതിന് മുമ്പ് ബാങ്ക് കാർഡ് അംഗത്തിൽ നിന്ന് വ്യക്തമായ സമ്മതം വാങ്ങേണ്ടതാണ്.

(C) ബില്ലിംഗ് (BILLING)

(i) ബില്ലിംഗ് സ്റ്റേറ്റ്മെന്റ്

കാർഡ് അക്കൗണ്ടിൽ എന്തെങ്കിലും ഇടപാടോ കുടിശ്ശികയോ ഉള്ള ഓരോ ബില്ലിംഗ് കാലയളവിനും ബാങ്ക് ഒരു മാസത്തിലൊരിക്കൽ കാർഡ് ഉടമയുടെ മെയിലിംഗ് വിലാസത്തിൽ ഒരു സ്റ്റേറ്റ്മെന്റ് (ഇനി മുതൽ "സ്റ്റേറ്റ്മെന്റ്" എന്ന് പരാമർശിക്കും) അയയ്ക്കും. കാർഡ് അക്കൗണ്ടിലെ ഇടപാടുകളുടെ ഒരു സ്റ്റേറ്റ്മെന്റ്, ബാങ്കിൽ രേഖപ്പെടുത്തിയിരിക്കുന്ന മെയിലിംഗ് വിലാസത്തിലേക്കോ / ഇമെയിൽ ഐഡിയിലേക്കോ എല്ലാ മാസവും മുൻകൂട്ടി നിശ്ചയിച്ച തീയതിയിൽ ബാങ്ക് മെയിൽ ചെയ്യും. സ്റ്റേറ്റ്മെന്റ് അയക്കുന്ന രീതി പ്രധാനമായും ഇമെയിൽ ആയിരിക്കും. കാർഡ് ഉടമ ഒരു ഫിസിക്കൽ സ്റ്റേറ്റ്മെന്റിനായി അഭ്യർത്ഥിക്കുകയാണെങ്കിൽ, അത് ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിലാസത്തിലേക്ക് അയയ്ക്കും. മൊബൈൽ ആപ്പ് അല്ലെങ്കിൽ ഇമെയിൽ വഴി അവരുടെ ക്രെഡിറ്റ് കാർഡ് ഇ-സ്റ്റേറ്റ്മെന്റുകൾ ആക്സസ് ചെയ്യുകയും കാണുകയും ചെയ്യേണ്ടത് കാർഡ് അംഗത്തിന്റെ ഉത്തരവാദിത്തമായിരിക്കും. എന്നിരുന്നാലും, അത്തരം കാർഡ് അംഗങ്ങൾക്ക് അവരുടെ സ്റ്റേറ്റ്മെന്റുകൾ ഓൺലൈനായി ആക്സസ് ചെയ്യാനും ഇ-സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാനും കഴിയും. DBS സർവീസ് ചാനലുകളിൽ അഭ്യർത്ഥന സമർപ്പിച്ചുകൊണ്ട് കാർഡ് അംഗത്തിന് ഒരു ഫിസിക്കൽ സ്റ്റേറ്റ്മെന്റിനായി അഭ്യർത്ഥിക്കാനും കഴിയും. കാർഡ് അംഗത്തിന്റെ ആശയവിനിമയ വിലാസത്തിൽ എന്തെങ്കിലും മാറ്റം ഉണ്ടായാൽ, സ്റ്റേറ്റ്മെന്റുകൾ പതിവായി കൃത്യസമയത്ത് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി ഉടൻ ബാങ്കുമായി

ബന്ധപ്പെടാൻ നിർദ്ദേശിക്കുന്നു. അക്കൗണ്ട് സ്റ്റേറ്റ്മെന്റ് 12 മാസത്തേക്ക് ലഭ്യമായിരിക്കും, അതിനുശേഷം അത് ബാങ്കിന്റെ ഭാഗത്ത് നിന്ന് നീക്കം ചെയ്യും. ഫീസുകളുടെയും ചാർജുകളുടെയും ഭാഗമായി നിങ്ങളെ അറിയിച്ചിട്ടുള്ള സർവീസ് ഫീസ് അടച്ച് കാർഡ് അംഗത്തിന് ഡ്യൂപ്ലിക്കേറ്റ് സ്റ്റേറ്റ്മെന്റുകൾക്കായി അഭ്യർത്ഥിക്കാം.

ബാങ്കിന്റെ നിലവിലുള്ള സ്റ്റേറ്റ്മെന്റ് സൈക്കിൾ തീയതികളിൽ ഒന്നിലേക്ക് സ്റ്റേറ്റ്മെന്റ് ജനറേഷൻ തീയതി അപ്ഡേറ്റ് ചെയ്യുന്നതിന് കാർഡ് അംഗത്തിന് ഇമെയിൽ വഴിയോ ഫോൺ ബാങ്കിംഗ് ചാനൽ വഴിയോ ബന്ധപ്പെടാനുള്ള ഒറ്റത്തവണ ഓപ്ഷൻ ഉണ്ട്. ഇത് കുടിശ്ശിക എല്ലാം അടച്ചു തീർക്കുന്നതിനു വിധേയമായിരിക്കും. ക്രെഡിറ്റ് കാർഡ് അപേക്ഷയുടെയും MITC യുടെയും ഒരു ഫിസിക്കൽ പകർപ്പ് ലഭിക്കുന്നതിന്, കാർഡ് ഉടമകൾക്ക് ഒരു ഇമെയിൽ അയക്കുകയോ അല്ലെങ്കിൽ ഞങ്ങളുടെ ഫോൺ ബാങ്കിംഗ് ചാനൽ വഴി ബന്ധപ്പെടുകയോ ചെയ്യാം. അപേക്ഷയുടെയും MITC യുടെയും പകർപ്പ് 7-10 ദിവസത്തിനുള്ളിൽ ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മെയിലിംഗ് വിലാസത്തിലേക്ക് കാർഡ് ഉടമയ്ക്ക് അയയ്ക്കും.

(ii) അടയ്ക്കേണ്ട മിനിമം തുക

DBS Bank കാർഡ് അംഗങ്ങൾക്ക് ഒരു റിവോൾവിംഗ് ക്രെഡിറ്റ് സൗകര്യം വാഗ്ദാനം ചെയ്യുന്നുണ്ട്. അതില കാർഡ് അംഗത്തിന് സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന അടയ്ക്കേണ്ട മിനിമം തുക (MAD) മാത്രം അടയ്ക്കാൻ തിരഞ്ഞെടുക്കാം. ബാക്കിയുള്ള തുക തുടർന്നുള്ള സ്റ്റേറ്റ്മെന്റുകളിലേക്ക് കൊണ്ടുപോകാം. സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, പേയ്മെന്റ് ഡ്യൂ ഡേറ്റ് തീയതിയിലോ അതിനു മുമ്പോ കാർഡ് അംഗം ടോട്ടൽ എമൗണ്ട് ഡ്യൂ (TAD) അല്ലെങ്കിൽ MAD അടയ്ക്കേണ്ടതാണ്. നിങ്ങളുടെ കാർഡ് അക്കൗണ്ട് നല്ല ക്രെഡിറ്റ് സ്റ്റാൻഡിംഗിൽ നിലനിർത്താൻ നിങ്ങൾ അടയ്ക്കേണ്ട ഏറ്റവും കുറഞ്ഞ തുകയാണ് MAD. മുൻ സ്റ്റേറ്റ്മെന്റുകളുടെ അടയ്ക്കാതെ പോയ മിനിമം തുക കാർഡ് ഉടമകളുടെ നിലവിലെ മിനിമം തുകയിൽ ചേർക്കും.

അടയ്ക്കേണ്ട മിനിമം തുക (MAD) കണക്കാക്കുന്നത് പുതിയ വാങ്ങലുകളുടെയും പണം പിൻവലിക്കലുകളുടെയും 2% (കുറഞ്ഞപക്ഷം 100 രൂപ) എന്ന തുകയും മുമ്പ് അടയ്ക്കാത്ത മുതൽ കുടിശ്ശിക + മാസത്തേക്കുള്ള പുതിയ ഇഎംഐ ഡെബിറ്റുകൾ അല്ലെങ്കിൽ മുമ്പ് അടയ്ക്കാത്ത ഏതെങ്കിലും ഇഎംഐ ഡെബിറ്റുകൾ + ജിഎസ്ടി + ബാധകമായ ഫീസ് + അംഗീകൃത ക്രെഡിറ്റ് പരിധിക്ക് മുകളിൽ ഉപയോഗിച്ച തുക + മുമ്പ് അടയ്ക്കാത്ത MAD + 100%

റിവോൾവിംഗ് പലിശ + 100% ക്യാഷ് പിൻവലിക്കൽ പലിശ + മറ്റ് ഫീസ്/ചാർജുകൾ ഉണ്ടെങ്കിൽ അവ എന്നിവയും കൂട്ടിയാണ്.

കാർഡ് അംഗം അടയ്ക്കേണ്ട മൊത്തം തുകയുടേയോ MAD യുടെയോ (ഏതു സാഹചര്യത്തിലും MAD -യിൽ കുറയാത്തത്) ഒരു ഭാഗം അടയ്ക്കുകയാണെങ്കിൽ, അടയ്ക്കേണ്ടതിൽ ബാക്കി തുക തുടർന്നുള്ള സ്റ്റേറ്റ്മെന്റുകളിലേക്ക് കൊണ്ടുപോകും. ഈതുക പൂർണ്ണമായി അടച്ചു തീർക്കുന്ന തീയതി വരെ ഈ തുകയ്ക്ക് ഫിനാൻസ് ചാർജുകൾ ബാധകമാകും.

പ്രധാന കുറിപ്പ്: എല്ലാ മാസവും മിനിമം പേയ്മെന്റ് മാത്രം നടത്തുന്നത് തിരിച്ചടവ് മാസങ്ങളോ വർഷങ്ങളോ നീണ്ടു പോകുന്നതിന് കാരണമാകും, ഫിനാൻസ് ചാർജുകൾ വിഭാഗത്തിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ നിങ്ങളുടെ കുടിശ്ശിക ബാലൻസിൽ പ്രതിമാസം കോമ്പൗണ്ടഡ് പലിശ ബാധകമാകുകയും ചെയ്യും.

ചിത്രീകരണം: ഒരു കാർഡ് അംഗം 5000 രൂപ ചെലവഴിക്കുകയും എല്ലാ മാസവും കൃത്യമായി മിനിമം തുക മാത്രം അടയ്ക്കുകയും ചെയ്താൽ, തിരിച്ചടവ് 6 വർഷത്തേക്ക് നീണ്ടുപോകുകയും ഇക്കാലമത്രയും കുടിശ്ശിക തുകയ്ക്ക് പലിശ നൽകുകയും ചെയ്യേണ്ടി വരും.

അതിനാൽ, കയ്യിൽ പണം വരുമ്പോഴെല്ലാം, കാർഡ് അംഗം അടയ്ക്കേണ്ട മിനിമം തുകയേക്കാൾ ഗണ്യമായി കൂടുതൽ തിരിച്ചടയ്ക്കണം.

ലേറ്റ് പേയ്മെന്റ് ചാർജുകൾ ഒഴിവാക്കാൻ പേയ്മെന്റ് അവസാന തീയതിയിലോ അതിനു മുമ്പോ DBS Bank കാർഡ് അക്കൗണ്ടിലേക്ക് MAD ക്രെഡിറ്റ് ചെയ്യേണ്ടതുണ്ട്. ലോക്കൽ ചെക്കുകൾ ആണെങ്കിൽ പേയ്മെന്റ് ഡ്യൂ ഡേറ്റിനുള്ളിൽ കാർഡ് അക്കൗണ്ടിൽ പേയ്മെന്റ് പ്രതിഫലിക്കുന്നുവെന്ന് ഉറപ്പാക്കാൻ, പേയ്മെന്റ് ഡ്യൂ ഡേറ്റിനു വളരെ മുമ്പുതന്നെ ചെക്ക് നൽകാൻ കാർഡ് അംഗങ്ങളോട് നിർദ്ദേശിക്കുന്നു

കാർഡ് കുടിശ്ശികയിലേക്കുള്ള പേയ്മെന്റുകൾ തുടർന്നുള്ള സ്റ്റേറ്റ്മെന്റുകളിൽ പ്രതിഫലിക്കും. ഇത് തത്സമയ അടിസ്ഥാനത്തിൽ DBS കാർഡ്+ ആപ്പിലും കാണാൻ കഴിയും.
ബില്ലിലെ ഏതെങ്കിലും തർക്കം സ്റ്റേറ്റ്മെന്റ് തീയതി മുതൽ 30 ദിവസത്തിനുള്ളിൽ DBS Bank നെ അറിയിക്കണം.

പേയ്മെന്റുകളുടെ വിനിയോഗം (സ്റ്റാൻഡേർഡ്, നോൺ-എൻപിഎ ഉപഭോക്താക്കൾക്ക് മാത്രം ബാധകം):

കാർഡ് ഉടമയുടെ കുടിശ്ശികയിലേക്ക് ലഭിക്കുന്ന പേയ്മെന്റുകൾ 100% ജിഎസ്ടി, ഫീസ്, പലിശ (റിവോൾവിംഗ്, ക്യാഷ് & ഇഎംഐ), ഇഎംഐ മുതൽ ൽ തുകയുടെ 100%, ക്യാഷ് അഡ്വാൻസ് & റീട്ടെയിൽ ചെലവുകൾ എന്നിവ അതേ ക്രമത്തിൽ ക്രമീകരിക്കും.

(iii) പേയ്മെന്റ് രീതി

ഇനിപ്പറയുന്ന പേയ്മെന്റ് രീതികലീളുതേ കാർഡ് ഉടമയ്ക്ക് ബാങ്കിലേക്ക് പണം അടയ്ക്കാം:

1. ക്രെഡിറ്റ് കാർഡ് മൊബൈൽ ആപ്പ് ഉപയോഗിച്ച് പണമടയ്ക്കുക: DBS കാർഡ്+ മൊബൈൽ ആപ്പ് ഉപയോഗിച്ച് കാർഡ് അംഗത്തിന് അവരുടെ സൗകര്യത്തിനനുസരിച്ച് പേയ്മെന്റുകൾ നടത്താം. കാർഡ് ഉടമയ്ക്ക് അവരുടെ അക്കൗണ്ട് മാനേജ് ചെയ്യാനും മറ്റ് ബാങ്ക് അക്കൗണ്ട് ഉപയോഗിച്ച് അവരുടെ കാർഡിലേക്ക് തൽക്ഷണം പേയ്മെന്റുകൾ നടത്താനും കഴിയും.

2. DBS Bank നെറ്റ് ബാങ്കിംഗ് & മൊബൈൽ ബാങ്കിംഗ്: കാർഡ് അംഗത്തിന് ഒരു DBS Bank അക്കൗണ്ട് ഉണ്ടെങ്കിൽ, അവർക്ക് DBS Bank നെറ്റ് ബാങ്കിംഗ് അല്ലെങ്കിൽ ഡിജിബാങ്ക് ആപ്പ് വഴി പേയ്മെന്റ് നടത്താം.

3. ഓൺലൈൻ പേയ്മെന്റ്: കാർഡ് അംഗത്തിന് മറ്റ് ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിച്ച് ക്രെഡിറ്റ് കാർഡ് പേയ്മെന്റ് തൽക്ഷണം നടത്തി അവരുടെ കാർഡ് കുടിശ്ശിക അടയ്ക്കാനും തൽക്ഷണം പേയ്മെന്റ്സ്ഥിരീകരണം നേടാനും കഴിയും.

4. ക്യാഷ് / ചെക്ക് പേയ്മെന്റ്: ഏതെങ്കിലും DBS Bank ശാഖകളിൽ ക്യാഷ് / ചെക്ക് പേയ്മെന്റുകൾ നടത്താം. ചെക്കിൽ DBS ക്രെഡിറ്റ് കാർഡ് (തുടർന്ന് 16 അക്ക കാർഡ് നമ്പർ) എന്ന് എഴുതണം ഉദാ. DBS ക്രെഡിറ്റ് കാർഡ് 1111 2222 3333 4444.

5. എൻഇഎഫ്ടി – കാർഡ് ഉടമകൾക്ക് മറ്റ് ബാങ്ക് ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം ഉപയോഗിച്ച് പണമടയ്ക്കാം. ഫണ്ട് ട്രാൻസ്ഫറിനായി ബെനിഫിഷ്യറി രജിസ്ട്രേഷൻ സമയത്ത് 16 അക്ക DBS ക്രെഡിറ്റ് കാർഡ് നമ്പർ, IFSC - DBSS0IN0811, ബ്രാഞ്ച് വിശദാംശങ്ങൾ എന്നിവ സഹിതം ബെനിഫിഷ്യറി വിഭാഗത്തിൽ DBS ക്രെഡിറ്റ് കാർഡ് ചേർക്കുക.

6. ഐഎംപിഎസ്- കാർഡ് ഉടമകൾക്ക് മറ്റ് ബാങ്ക് അക്കൗണ്ട് ഉപയോഗിച്ച് പണമടയ്ക്കാം. ഗുണഭോക്താവിനെ ചേർക്കുന്ന സമയത്ത് ബെനിഫിഷ്യറി വിഭാഗത്തിൽ 16 അക്ക DBS ക്രെഡിറ്റ്

കാർഡ് നമ്പർ, ഐഎഫെസ്സി - DBSS0IN0811 എന്നിവ സഹിതം DBS ക്രെഡിറ്റ് കാർഡ് ചേർക്കുക.

ബാങ്ക് അംഗീകരിച്ചിട്ടുള്ള രീതികളിലൂടെയല്ലാതെ കാർഡ് ഉടമകൾ പണമടയ്ക്കൽ നടത്തുവാൻ പാടില്ലെന്ന് നിർദ്ദേശമുണ്ട്.

(iv) ബില്ലിംഗ് തർക്ക പരിഹാരം

ബില്ലിലെ ഏതെങ്കിലും പൊരുത്തക്കേടുകൾ സ്റ്റേറ്റ്മെന്റ് ഇഷ്യൂ ചെയ്തതിന് 30 ദിവസത്തിനുള്ളിൽ, കാർഡ് അംഗം(കൾ) DBS Bank നെ രേഖാമൂലം അറിയിച്ചില്ലെങ്കിൽ, സ്റ്റേറ്റ്മെന്റിലെ(കളുടെ) എല്ലാ ഉള്ളടക്കങ്ങളും ശരിയാണെന്ന് കാർഡ് അംഗം(കൾ) അംഗീകരിക്കുന്നതായി കണക്കാക്കുകയും സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ ചാർജുകളും ക്രമത്തിലാണെന്ന് വ്യാഖ്യാനിക്കുകയും ചെയ്യും ഒരു പൊരുത്തക്കേട് ഉണ്ടായാൽ, നിങ്ങളുടെ പേരിൽ ഒരു ചാർജ് തർക്കം ആരംഭിക്കുന്നതിന് രേഖാമൂലമോ നിങ്ങളുടെ ഇമെയിൽ ഐഡി/ ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിൽ നിന്നോ 24 മണിക്കൂർ കസ്റ്റമർ സർവീസ് നമ്പർ വഴിയോ ബാങ്കിനെ അറിയിക്കേണ്ടത് നിർബന്ധമാണ്. മേൽപറഞ്ഞ പൊരുത്തക്കേടുകൾ പ്രഥമദൃഷ്ട്യാ സാധുതയുള്ളതാണെന്ന് ബാങ്ക് കണ്ടെത്തിയാൽ, തുടർന്നുള്ള അന്വേഷണങ്ങൾ പൂർത്തിയാകുന്നതുവരെ ബാങ്കിന് താൽക്കാലികമായി ചാർജ് പിൻവലിക്കാവുന്നതാണ്. ബാങ്ക് നടത്തിയ പ്രസ്തുത അന്വേഷണങ്ങൾ അത്തരം (പൊരുത്തക്കേടുകൾ) ചാർജുകളുടെ ബാധ്യത പ്രസ്തുത കാർഡ് അംഗ(ങ്ങൾ)ക്ക് തന്നെ ആണെന്ന് സൂചിപ്പിക്കുന്നതാണെങ്കിൽ തുടർന്നുള്ള സ്റ്റേറ്റ്മെന്റിൽ ചാർജ് പുനഃസ്ഥാപിക്കുകയും മുകളിൽ സൂചിപ്പിച്ച ചാർജുകൾക്കനുസൃതമായി ബാങ്ക് ഫീസ്/ചാർജുകൾ ക്ലെയിം ചെയ്യുകയും ചെയ്യും. ഇവിടെ നൽകിയിരിക്കുന്ന വ്യവസ്ഥകൾ എന്തുതന്നെ ആണെങ്കിലും, ബാങ്ക് നടത്തിയ അന്വേഷണങ്ങളുടെ ഫലം പ്രസ്തുത കാർഡ് അംഗ(ങ്ങളെ) അറിയിക്കുന്നതിന് ബാങ്ക് 60 ദിവസത്തിൽ കൂടുതൽ സമയം എടുക്കില്ല. എന്തെങ്കിലും തർക്കം ഉണ്ടായാൽ താഴെപ്പറയുന്ന ഏതെങ്കിലും വഴികളിലൂടെ കാർഡ് അംഗത്തിന് ബാങ്കുമായി ബന്ധപ്പെടാം:

a. **ഇമെയിൽ:** - നിങ്ങളുടെ ക്രെഡിറ്റ് കാർഡ് നമ്പറിന്റെ അവസാന നാല് അക്കങ്ങൾ, രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ, തർക്കത്തിന്റെ വിശദാംശങ്ങൾ എന്നിവ സഹിതം താഴെ

സൂചിപ്പിച്ചിരിക്കുന്നതുപോലെ കാർഡ് അംഗത്തിന് ഞങ്ങളുടെ കസ്റ്റമർ സർവീസ് ഇമെയിൽ ഐഡിയിലേക്ക് ഒരു ഇമെയിൽ അയയ്ക്കാൻ കഴിയും.

കാർഡ് വേരിയന്റ്	ഇമെയിൽ ഐഡി
Bajaj Finserv DBS Bank SuperCard	cardcareindia@dbs.com
DBS SuperX ക്രെഡിറ്റ് കാർഡും DBS SuperX Plus ക്രെഡിറ്റ് കാർഡും	
DBS Spark ക്രെഡിറ്റ് കാർഡ്	
DBS Vantage ക്രെഡിറ്റ് കാർഡ്	vantagecareindia@dbs.com
DBS Altitude Credit Card	

b. **ടോൾ ഫ്രീ നമ്പർ**: കാർഡ് അംഗത്തിന് ഞങ്ങളുടെ 24 മണിക്കൂർ കസ്റ്റമർ സർവീസ് നമ്പറിലോ ഓവർസീസ് കസ്റ്റമർ സർവീസ് നമ്പറിലോ താഴെപ്പറയുന്ന രീതിയിൽ ബാങ്കുമായി ബന്ധപ്പെടാം:

കാർഡ് വേരിയന്റ്	**കസ്റ്റമർ സർവീസ് നമ്പർ (ഇന്ത്യ)**	**ഓവർസീസ് കസ്റ്റമർ സർവീസ് നമ്പർ**
Bajaj Finserv DBS Bank Supercard	1860 267 6789	+91- 4469046789
DBS SuperX ക്രെഡിറ്റ് കാർഡും DBS SuperX Plus ക്രെഡിറ്റ് കാർഡും	1860 267 6789	+91- 4469046789
DBS Spark ക്രെഡിറ്റ് കാർഡ്	1860 267 6789	+91- 4469046789
DBS Vantage ക്രെഡിറ്റ് കാർഡ്	1800 209 4555	സിംഗപ്പൂർ: 800 852 6186 മറ്റ് രാജ്യങ്ങൾ: +91 44 6685, 4555
DBS Altitude Credit Card		

ഗ്രീവൻസ് റിഡ്രസൽ എസ്കലേഷൻ – DBS Bank India Limited
ബന്ധപ്പെടുക, നിങ്ങൾക്ക് ഞങ്ങളിൽ നിന്ന് ഏറ്റവും മികച്ച സേവനം, ഞങ്ങളുടെ വിലപ്പെട്ട ഉപഭോക്താവായ നിങ്ങൾ അർഹിക്കുന്ന സേവനം തന്നെ ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു,

ബാങ്കിന്റെ പരാതി പരിഹാര നയം ഇനിപ്പറയുന്ന തത്വങ്ങൾ പിന്തുടരുന്നതാണ്:

- ഉപഭോക്താക്കളോട് എല്ലായ്പ്പോഴും നീതിയുക്തമായി പെരുമാറൽ.
- ഉപഭോക്താക്കൾ ഉന്നയിക്കുന്ന പരാതികൾ മാന്യമായും സമയബന്ധിതമായും കൈകാര്യം ചെയ്യും.
- സ്ഥാപനത്തിനുള്ളിൽ അവരുടെ പരാതികൾ ഉന്നയിക്കാനുള്ള വഴികളെക്കുറിച്ചും അവരുടെ പരാതികളിൽ ലഭിച്ച പരിഹാരത്തിൽ അവർ തൃപ്തരല്ലെങ്കിൽ അവരുടെ അവകാശങ്ങളെക്കുറിച്ചും ഉപഭോക്താക്കളെ അറിയിക്കുന്നു.
- ബാങ്ക് ജീവനക്കാർ ഉത്തമ വിശ്വാസത്തോടെയും മുൻവിധികളില്ലാതെയും ഉപഭോക്താക്കളുടെ താൽപര്യങ്ങൾക്കായി പ്രവർത്തിക്കും.

ഏതെങ്കിലും ഘട്ടത്തിൽ, ഞങ്ങളുടെ സേവന തലങ്ങൾ നിങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരുന്നില്ലെന്ന് നിങ്ങൾക്ക് തോന്നുന്നുവെങ്കിൽ, നിങ്ങൾക്ക് ഇനി പറയുന്നവ ചെയ്യാം:

a. ലെവൽ 1: ഞങ്ങളുടെ കസ്റ്റമർ കെയർ നമ്പറിൽ വിളിച്ചോ ഞങ്ങളുടെ സമർപ്പിത കസ്റ്റമർ കെയർ ഇമെയിൽ ഐഡികളിൽ ഞങ്ങൾക്ക് എഴുതിയോ നിങ്ങൾക്ക് ഞങ്ങളെ ബന്ധപ്പെടാം.
b. ലെവൽ 2: ലെവൽ 1 പ്രകാരം നൽകിയിരിക്കുന്ന പരിഹാരത്തിൽ നിങ്ങൾ തൃപ്തനല്ലെങ്കിൽ, നിങ്ങൾക്ക് പരാതി എസ്കലേറ്റ് ചെയ്ത് പ്രിൻസിപ്പൽ നോഡൽ ഓഫീസർക്ക് എഴുതുകയോ താഴെയുള്ള ഇമെയിൽ ഐഡിയിലേക്ക് ഒരു ഇമെയിൽ അയയ്ക്കുകയോ ചെയ്യാം. നിങ്ങളുടെ ആശയവിനിമയത്തിൽ, ദയവായി നിങ്ങളുടെ ക്രെഡിറ്റ് കാർഡ് നമ്പറിന്റെ അവസാന നാല് അക്കങ്ങളും നിങ്ങളുടെ പരാതിയുടെയോ അതിലെ മറുപടിയുടെയോ വിശദാംശങ്ങൾ നൽകുക.

<table>
<tr><th>കാർഡ് വേരിയന്റ്</th><th>പേരും വിലാസവും</th><th>ഇമെയിൽ ഐഡി</th></tr>
<tr><td>Bajaj Finserv DBS Bank Supercard</td><td rowspan="5">ശ്രീമതി പ്രീതി ദോഷി, പ്രിൻസിപ്പൽ നോഡൽ ഓഫീസർ, DBS Bank India Limited, 6-മത് നില, റൂബി ഹൗസ്, ജെകെ സാവന്ത് മാർഗ്, ദാദർ വെസ്റ്റ്, മഹാരാഷ്ട്ര 400028, ഇന്ത്യ</td><td rowspan="3">creditcardnodal@dbs.com</td></tr>
<tr><td>DBS SuperX ക്രെഡിറ്റ് കാർഡും DBS SuperX Plus ക്രെഡിറ്റ് കാർഡും</td></tr>
<tr><td>DBS Spark ക്രെഡിറ്റ് കാർഡ്</td></tr>
<tr><td>DBS Vantage ക്രെഡിറ്റ് കാർഡ്</td><td rowspan="2">DBSVantageNodal@dbs.com</td></tr>
<tr><td>DBS Altitude Credit Card</td></tr>
</table>

കൂടുതൽ വിവരങ്ങൾക്ക്, ബാങ്കിന്റെ വെബ്സൈറ്റിൽ ലഭ്യമായ ബാങ്കിന്റെ പരാതി നയം സന്ദർശിക്കാം. വെബ്സൈറ്റ്:

https://www.dbs.com/in/treasures/common/redressal-of-complaints-and-grievances.page

നഷ്ടപരിഹാര നയത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്, നിങ്ങൾക്ക് സന്ദർശിക്കാം

https://www.dbs.com/in/iwov-resources/pdf/related-links/compensation-policy.pdf

നിങ്ങളുടെ പരാതികൾ സമർപ്പിക്കുന്നതിന് ആവശ്യമായ കോൺടാക്റ്റ് വിവരങ്ങൾ, സമയപരിധികൾ, ഉയർന്ന തലങ്ങളിലേക്കുള്ള അറിയിക്കൽ എന്നിവ സംബന്ധിച്ച് ഈ പരാതി നയം നിങ്ങളെ സഹായിക്കും. ബാങ്ക് നൽകിയ ഈ പരിഹാരത്തിൽ നിങ്ങൾക്ക് തൃപ്തിയില്ലെങ്കിൽ, ബാങ്കിംഗ് ഓംബുഡ്സ്മാനെ സമീപിക്കേണ്ട രീതിയും അതിനായുള്ള നടപടിക്രമങ്ങളും ഈ നയം വിശദീകരിക്കുന്നു.

(vi) കാർഡ് ഇഷ്യൂ ചെയ്യുന്നവരു പൂർണ്ണ തപാൽ വിലാസം

DBS Bank India Limited, 6-ആം നില, റൂബി ഹൗസ്, ജെ.കെ. സാവന്ത് മാർഗ്, ദാദർ വെസ്റ്റ്, മുംബൈ, മഹാരാഷ്ട്ര 400028, ഇന്ത്യ.

(D) വീഴ്ചകളും സാഹചര്യങ്ങളും (DEFAULT AND CIRCUMSTANCES)

(i) ഒരു വീഴ്ച സംഭവിച്ചാലുള്ള നടപടിക്രമം:

ക്രെഡിറ്റ് കാർഡ് അക്കൗണ്ടിലെ ഏതെങ്കിലും കുടിശ്ശിക അടക്കുന്നതിൽ വീഴ്ചയുണ്ടായാൽ പോസ്റ്റ്, ടെലിഫോൺ, ഇ-മെയിൽ, SMS അല്ലെങ്കിൽ വാട്ട്സ്ആപ്പ് പോലുള്ള മറ്റ് പ്ലാറ്റ്ഫോം അധിഷ്ഠിത സന്ദേശമയയ്ക്കൽ വഴിയോ തീർപ്പാക്കുന്നതിനായി കാർഡ് അംഗത്തിന് ഇടയ്ക്കിടെ ഓർമ്മപ്പെടുത്തലുകൾ അയയ്ക്കും ഒപ്പം /അല്ലെങ്കിൽ ഓർമ്മിപ്പിക്കാനും ഫോളോ അപ്പ് ചെയ്യാനും കുടിശ്ശികകൾ ശേഖരിക്കാനും മൂന്നാം കക്ഷികളെ ഏർപ്പെടുത്തും അങ്ങനെ നിയമിക്കപ്പെടുന്ന ഏതൊരു മൂന്നാം കക്ഷിയും കാലാകാലങ്ങളിൽ ബാധകമായ കടം പിരിച്ചെടുക്കൽ പെരുമാറ്റച്ചട്ടം പൂർണ്ണമായും പാലിക്കേണ്ടതാണ്.

കാർഡ് ഉടമ ഓരോ പ്രതിമാസ ബില്ലിംഗ് സ്റ്റേറ്റ്മെന്റിനും, പേയ്മെന്റ് ഡ്യൂ തീയതി കഴിഞ്ഞ് പത്ത് ദിവസത്തിനുള്ളിൽ അടയ്ക്കേണ്ട മിനിമം തുക (MAD) അടയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ, ബാങ്ക് കാർഡ് താൽക്കാലികമായി ബ്ലോക്ക് ചെയ്യുകയും അത്തരം പേയ്മെന്റ് അടക്കാത്തതിനെക്കുറിച്ച് ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികളെ (CIC) അറിയിക്കുവാനുള്ള ബാങ്കിന്റെ ഉദ്ദേശ്യത്തെ കുറിച്ച് കാർഡ് ഉടമയെ അറിയിക്കുകയും ചെയ്യും. ഏഴ് ദിവസത്തിനപ്പുറം (പേയ്മെന്റ് അടയ്ക്കേണ്ട തീയതി മുതൽ) പണമടയ്ക്കൽ വൈകിയാൽ ബാങ്കിന് സ്വന്തം വിവേചനാധികാരത്തിൽ കാർഡിലെ താൽക്കാലിക ബ്ലോക്ക് ദീർഘിപ്പിക്കാൻ കഴിയും.

സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന പേയ്മെന്റ് അടയ്ക്കേണ്ട തീയതി മുതൽ 90 ദിവസത്തിനുള്ളിൽ കാർഡ് ഉടമ മുഴുവൻ മിനിമം തുക (MAD) അടയ്ക്കുകയാണെങ്കിൽ, കാർഡിലെ താൽക്കാലികമായ ബ്ലോക്ക് നീക്കം ചെയ്യും സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന പേയ്മെന്റ് അടയ്ക്കേണ്ട തീയതിയിൽ നിന്ന് 90 ദിവസത്തിനുള്ളിലും പണമടയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ, ബാങ്ക് കാർഡ് ശാശ്വതമായി ബ്ലോക്ക് ചെയ്യും.

താഴെപ്പറയുന്ന ഒന്നോ അതിലധികമോ സംഭവങ്ങളെ ഒരു വീഴ്ച സംഭവമായി കണക്കാക്കും, കൂടാതെ ബാങ്കിന് സ്വന്തം വിവേചനാധികാരത്തിൽ ക്രെഡിറ്റ് കാർഡ് സൗകര്യം പിൻവലിക്കുകയും ചെയ്യാവുന്നതാണ് വീഴ്ച സംഭവങ്ങൾ താഴെ പറയുന്നവയാണ്:

- ക്രെഡിറ്റ് കാർഡ് ബില്ലിംഗ് സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന പേയ്മെന്റ് അവസാന തീയതിക്കുള്ളിൽ കാർഡ് ഉടമ മിനിമം തുക അടയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ, ആദ്യത്തെ വീഴ്ച സംഭവമായി കണക്കാക്കും

- ബാങ്കിന് നൽകേണ്ട ഏതെങ്കിലും തുക 90 ദിവസത്തെ നിശ്ചിത കാലയളവിനുള്ളിൽ അടയ്ക്കുന്നതിൽ കാർഡ് അംഗം സ്ഥിരമായി പരാജയപ്പെടുന്നു.
- കാർഡ് അംഗ കരാർ പ്രകാരം ബാധ്യതകൾ നിറവേറ്റുന്നതിൽ കാർഡ് അംഗം പരാജയപ്പെടുന്നു.
- ബാങ്കിലേക്ക് നൽകുന്ന ഏതെങ്കിലും ചെക്കുകളും/അല്ലെങ്കിൽ ECS/സ്റ്റാൻഡിംഗ് നിർദ്ദേശങ്ങളും പ്രസന്റ്ചെയ്യുന്ന സമയത്ത്/നടപ്പാക്കുമ്പോൾ എന്തു കാരണം കൊണ്ടായാലും എൻക്യാഷ് ചെയ്യപ്പെടുന്നില്ല/നടപടി സ്വീകരിക്കപ്പെടുന്നില്ല
- സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ **മിനിമം എമൌണ്ട് ഡ്യൂ**, സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന പേയ്മെന്റ് അടയ്ക്കേണ്ട അവസാന തീയതി മുതൽ 90 ദിവസത്തിനുള്ളിൽ പൂർണ്ണമായും അടച്ചില്ലെങ്കിൽ ഒരു ക്രെഡിറ്റ് കാർഡ് അക്കൗണ്ടിനെ നിഷ്ക്രിയ ആസ്തിയായി കണക്കാക്കും.

(ii) സ്പെഷ്യൽ മെൻഷൻ അക്കൗണ്ട് (SMA), നോൺ-പെർഫോമിംഗ് അസറ്റ് (NPA) എന്നിങ്ങനെയുള്ള വർഗ്ഗീകരണം:

2025 നവംബർ 28-ലെ 'റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (കൊമേഴ്സ്യൽ ബാങ്കുകൾ - വരുമാന അംഗീകാരം, ആസ്തി വർഗ്ഗീകരണം, പ്രൊവിഷനിംഗ്) നിർദ്ദേശങ്ങൾ, 2025' എന്ന ആർ.ബി.ഐ (RBI) സർക്കുലറിനും അതിലെ ഭേദഗതികൾക്കും വിധേയമായി, സ്പെഷ്യൽ മെൻഷൻ അക്കൗണ്ട് (SMA) / നിഷ്ക്രിയ ആസ്തി (NPA) എന്നിവയെ സംബന്ധിച്ചുള്ളതാണ് ഈ ഭാഗം

കുടിശ്ശികകൾ: അഥവാ ഡ്യൂ. ക്രെഡിറ്റ് കാർഡ് അക്കൗണ്ടിൽ തിരിച്ചടയ്ക്കേണ്ട മുതലോ/ പലിശയോ/ ഏതെങ്കിലും ചാർജുകളോ അടക്കം, ക്രെഡിറ്റ് സൗകര്യം അനുവദിക്കുന്നതിനുള്ള നിബന്ധനകൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള കാലയളവിനുള്ളിൽ അടയ്ക്കേണ്ട തുകയാണിത്.

ഓവർഡ്യൂ: ക്രെഡിറ്റ് കാർഡ് അക്കൗണ്ടിൽ തിരിച്ച് അടയ്ക്കേണ്ടതായ മുതലോ /പലിശയോ/ ഏതെങ്കിലും ചാർജുകളോ ക്രെഡിറ്റ് സൗകര്യം അനുവദിക്കുന്നതിനുള്ള നിബന്ധനകൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള കാലയളവിനുള്ളിൽ തിരിച്ചടയ്ക്കാതിരുന്നാൽ അത് ഓവർഡ്യൂ ആയി എന്നു പറയുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഏതെങ്കിലും ക്രെഡിറ്റ് സൗകര്യം പ്രകാരം ബാങ്കിന് നൽകേണ്ട ഏതൊരു തുകയും

ബാങ്ക് നിശ്ചയിച്ച നിശ്ചിത അടയ്ക്കേണ്ട തീയതിയിൽ അടച്ചില്ലെങ്കിൽ അത് 'ഓവർഡ്യൂ' ആയി എന്ന് പറയുന്നു.

സംയോജിപ്പിക്കൽ തത്വം: FIFO തത്വം അതായത്, 'ആദ്യം വന്നു, ആദ്യം പോയി' എന്ന അക്കൗണ്ടിംഗ് രീതി, SMA / NPA സ്റ്റാറ്റസ് നിശ്ചയിക്കുമ്പോൾ കുടിശ്ശിക ദിവസങ്ങളുടെ എണ്ണം നിർണ്ണയിക്കുന്നതിന് പ്രസക്തമാണ്. കാർഡ് അക്കൗണ്ടിലെ ഏറ്റവും പഴയ കുടിശ്ശിക ആദ്യം തീർക്കേണ്ടതുണ്ടെന്ന് FIFO തത്വം അനുമാനിക്കുന്നു. അതിനാൽ, കടം വാങ്ങുന്നയാൾ ആദ്യം കുടിശ്ശികയുള്ളത് ആദ്യം അടയ്ക്കണമെന്ന് FIFO രീതി ആവശ്യപ്പെടുന്നു.

ഏറ്റവും പഴയ കുടിശ്ശികകളുടെ പ്രായം: ഏറ്റവും പഴയ കുടിശ്ശികയുടെ പ്രായം, മേൽ പറഞ്ഞ ചിത്രീകരണത്തിലെ പേയ്മെന്റ് അടയ്ക്കേണ്ട തീയതി മുതൽ അടയ്ക്കാതെ തുടരുന്ന ദിവസങ്ങളുടെ എണ്ണത്തിൽ കണക്കാക്കുന്നു, ഫെബ്രുവരി 1-ന് അടയ്ക്കേണ്ടിയിരുന്ന കുടിശ്ശിക 01.03.21 വരെ അടയ്ക്കാതെ തുടരുകയാണെങ്കിൽ, ഏറ്റവും പഴയ കുടിശ്ശികകളുടെ പ്രായം 02.03.21-ന് 29 ദിവസമായി കണക്കാക്കുന്നു.

സ്വന്തം വായ്പ അക്കൗണ്ടുകളിൽ ഡിഫോൾട്ടായ ഉടൻ ഉണ്ടാകുന്ന സമ്മർദ്ദം, പ്രത്യേക പരാമർശ അക്കൗണ്ടുകൾ (SMA) ആയി തരംതിരിച്ചുകൊണ്ട് ബാങ്ക് തിരിച്ചറിയും. SMA / NPA വിഭാഗത്തിന്റെ വർഗ്ഗീകരണത്തിന്റെ അടിസ്ഥാനം ഇപ്രകാരമായിരിക്കും:

<table>
<tr><td colspan="2">ക്രെഡിറ്റ് കാർഡ് അക്കൗണ്ടിലോ അതിലെ അഡീഷണൽ വായ്പയിലോ ഉള്ള കുടിശ്ശിക (ഇവിടെ പരാമർശിച്ചിരിക്കുന്ന ക്രെഡിറ്റ് കാർഡ് കുടിശ്ശികകൾ കാർഡ് സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന മിനിമം എമൌണ്ട് ഡ്യൂ ആണ്)</td></tr>
<tr><td>SMA ഉപവിഭാഗങ്ങൾ</td><td>വർഗ്ഗീകരണത്തിന്റെ അടിസ്ഥാനം - മുതലോ പലിശയോ അല്ലെങ്കിൽ പൂർണ്ണമായും ഭാഗികമായോ കുടിശ്ശികയായ മറ്റേതെങ്കിലും തുകയോ</td></tr>
<tr><td>SMA -0</td><td>30 ദിവസം വരെ</td></tr>
<tr><td>SMA -1</td><td>> 30 ദിവസം മുതൽ 60 ദിവസം വരെ</td></tr>
<tr><td>SMA -2</td><td>> 60 ദിവസം മുതൽ 90 ദിവസം വരെ</td></tr>
</table>

നിഷ്ക്രിയ ആസ്തി: നിഷ്ക്രിയ ആസ്തി (NPA) എന്നത് ഒരു വായ്പയോ അഡ്വാൻസോ ആണ്, ഇതിൽ: 90 ദിവസത്തിൽ കൂടുതൽ കാലയളവിൽ പലിശയും ഒപ്പം/അല്ലെങ്കിൽ മുതലിന്റെ ഗഡുവും കുടിശ്ശികയായി തുടരുന്ന ഒരു കാർഡ് അക്കൗണ്ട്, സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ കുടിശ്ശികയുള്ള മുഴുവൻ മിനിമം തുകയും സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന പേയ്മെന്റ്

അടയ്ക്കേണ്ട അവസാന തീയതി മുതൽ 91 ദിവസത്തിനുള്ളിൽ പൂർണ്ണമായും അടച്ചില്ലെങ്കിൽ ഒരു ക്രെഡിറ്റ് കാർഡ് അക്കൗണ്ടിനെ നിഷ്ക്രിയ ആസ്തിയായി കണക്കാക്കും.

(iii) ഡിഫോൾട്ട് റിപ്പോർട്ട് പിൻവലിക്കുന്നതിനുള്ള നടപടിക്രമവും കുടിശ്ശിക തീർപ്പാക്കിയതിന് ശേഷം ഡിഫോൾട്ട് റിപ്പോർട്ട് അപ്ഡേറ്റ് ചെയ്യാൻ എടുക്കുന്ന കാലയളവും:

- ഒരു കാർഡ് ഉടമ ഡിഫോൾട്ടറായി റിപ്പോർട്ട് ചെയ്യപ്പെട്ടതിന് ശേഷം, തന്റെ അടയ്ക്കേണ്ട കുറഞ്ഞ തുക (മിനിമം അമൗണ്ട് ഡ്യൂ) അല്ലെങ്കിൽ ആകെ കുടിശ്ശിക (ടോട്ടൽ അമൗണ്ട് ഡ്യൂ) മുഴുവൻ അടച്ചാൽ, DBS Bank ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനിയോട് ആ ഡിഫോൾട്ടർ സ്ഥിതി നീക്കുന്നതായി അറിയിക്കും. ഇതുപോലെയുള്ള മാറ്റങ്ങൾ കാർഡ് ഉടമയുടെ ക്രെഡിറ്റ് റിപ്പോർട്ടിൽ പ്രതിഫലിപ്പിക്കാൻ, കുടിശ്ശിക തീർന്ന തീയതി മുതൽ 30 ദിവസം വരെ എടുത്തേക്കാം. ഒരു ഇടപാട് കാർഡ് ഉടമ തർക്കിക്കുന്ന സാഹചര്യത്തിൽ, തർക്കിച്ച തുകയ്ക്ക് തുല്യമായ ഒരു താൽക്കാലിക ക്രെഡിറ്റ് അയാളുടെ ക്രെഡിറ്റ് കാർഡ് അക്കൗണ്ടിൽ നൽകുന്നതാണ്.
- ബാങ്ക് ഫയൽ ചെയ്തതോ അല്ലെങ്കിൽ ബാങ്കിനെതിരെയോ സമർപ്പിച്ചതോ ആയ ഒരു നിയമപരമായ കേസിൽ ബാങ്കിനെതിരെ കോടതി വിധി ലഭിച്ചു, ഡിഫോൾട്ട് റിപ്പോർട്ടിൽ നിന്ന് കാർഡ് അംഗത്തെ ഡീലിസ്റ്റ് ചെയ്യാൻ ബാങ്കിനോട് നിർദ്ദേശിക്കുന്നു. വ്യക്തിഗത അവലോകനങ്ങളുടെ അടിസ്ഥാനത്തിലാണ് ഓരോ കേസിന്റെയും അടിസ്ഥാനത്തിലാണ് തീരുമാനങ്ങൾ എടുക്കുന്നത്.

(iv) ഡിഫോൾട്ട് കേസിന്റെ കാര്യത്തിൽ വീണ്ടെടുക്കൽ നടപടിക്രമം:

വീഴ്ച സംഭവിച്ചാൽ, ഉചിതമായ അധികാരപരിധിയിലുള്ള കോടതി/ട്രിബ്യൂണൽ മുമ്പാകെ നിയമനടപടി സ്വീകരിച്ചുകൊണ്ട് ബാങ്കിന് തുക തിരിച്ചുപിടിക്കാൻ കഴിയും. ബാധകമായ നിയമങ്ങൾ പ്രകാരം ബാങ്കിന് ലഭ്യമായ അത്തരം അവകാശങ്ങളും പരിഹാരങ്ങളും ബാങ്ക് വിനിയോഗിക്കുന്നു, അത്തരം എല്ലാ അവകാശങ്ങളും പരിഹാരങ്ങളും ഒരേസമയം അല്ലെങ്കിൽ തുടർച്ചയായി നടപ്പിലാക്കാൻ കഴിയില്ല.

(v) കാർഡ് ഉടമയുടെ മരണം/ സ്ഥിരമായ അംഗവൈകല്യം സംഭവിച്ചാൽ കുടിശ്ശികകൾ തിരിച്ചുപിടിക്കൽ:

കാർഡ് അംഗത്തിന്റെ മരണം അല്ലെങ്കിൽ സ്ഥിരമായ അംഗവൈകല്യം സംഭവിച്ചാൽ, കുടിശ്ശിക തുക തിരിച്ചുപിടിക്കാൻ ബാങ്ക് ശ്രമിക്കുകയും കാർഡ് അംഗത്തിന്റെ നിയമപരമായ അവകാശി(കൾ)യുമായി അക്കൗണ്ട് കുടിശ്ശികകൾ രമ്യമായി തീർപ്പാക്കുകയും ചെയ്യും.

എൻഡ് ഓഫ് ഡേ (EOD) പ്രക്രിയയിൽ (ഫെബ്രുവരിയെ നോൺ-ലീപ്പ് വർഷ മാസമായി കണക്കാക്കുന്നു) കുടിശ്ശിക അടയ്ക്കുന്നതിലെ കാലതാമസം/ കുടിശ്ശിക അടയ്ക്കാത്തത്, തുടർന്ന് സ്റ്റാൻഡേർഡ് വിഭാഗത്തിലേക്ക് അപ്ഗ്രേഡ് ചെയ്യൽ എന്നിവയെ അടിസ്ഥാനമാക്കി ഒരു അക്കൗണ്ട് SMA വിഭാഗത്തിൽ നിന്ന് NPA വിഭാഗത്തിലേക്ക് മാറ്റുന്നതിന്റെ ചിത്രീകരണം: ഇവിടെ പരാമർശിച്ചിരിക്കുന്ന കുടിശ്ശികകൾ ലോൺ സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന മിനിമം എമൌണ്ട് ഡ്യൂ / ഇ എം ഐ തുകയാണ്.

ചിത്രീകരണം:

പേയ്മെന്റ് അവസാന തീയതി	പേയ്മെന്റ് തീയതി	പേയ്മെന്റ് കവർ ചെയ്യുന്നത്	കവർ ചെയ്യുന്ന ദിവസങ്ങളിലെ ഏറ്റവും പഴയ കുടിശ്ശികകളുടെ പ്രായം	SMA 1 NPA വർഗ്ഗീകരണം	എന്നു മുതൽ SMA / SMA ക്ലാസ് തീയതി	NPA വർഗ്ഗീകരണം	NPA തീയതി
01.02.22	01.02.22	01.01.22 വരെയുള്ള സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന പേയ്മെന്റ് കുടിശ്ശികകൾ	0	ഒന്നുമില്ല	ലഭ്യമല്ല	ലഭ്യമല്ല	ലഭ്യമല്ല
01.02.22	01.02.22	01.02.22 ലെ കുടിശ്ശികയിൽ പേയ്മെന്റും ഇല്ല പാർട്ട് പേയ്മെന്റും ഇല്ല	1	SMA -0	01.02.22	ലഭ്യമല്ല	ലഭ്യമല്ല
01.02.22	01.02.22	01.02.22 ലെ കുടിശ്ശികയിൽ പേയ്മെന്റും ഇല്ല പാർട്ട് പേയ്മെന്റും ഇല്ല	2	SMA -0	01.02.22	ലഭ്യമല്ല	ലഭ്യമല്ല
01.03.22		01.02.22 ലെ കുടിശ്ശികകൾ പൂർണ്ണമാ	29	SMA -0	01.02.22	ലഭ്യമല്ല	ലഭ്യമല്ല

		യി അടച്ചിട്ടി ല്ല 01.03.22, 01.03.22 EOD യിലും കുടിശ്ശി കയാണ്					
		01.02.22 ലെ കുടിശ്ശി ക പൂർണ്ണമാ യും അടച്ചു, 01.03.22 ലെ കുടിശ്ശി ക EOD യിൽ അടച്ചിട്ടി ല്ല	1	SMA -0	01.03.22	ലഭ്യമല്ല	ലഭ്യമല്ല
		01.02.22 ലെ യും 01.03.22 ലെയും മുഴുവൻ കുടിശ്ശി ക 03.03.22 EOD യിൽ അടച്ചിട്ടി ല്ല,	31	SMA -1	01.02.22 / 03.03.22	ലഭ്യമല്ല	ലഭ്യമല്ല
		01.03.22 EOD യിൽ 01.02.22 ലെ കുടിശ്ശി ക പൂർണ്ണമാ യി അടച്ചു, 01.03.22 ലെ	1	SMA -0	01.03.22	ലഭ്യമല്ല	ലഭ്യമല്ല

		കുടിശ്ശിക പൂർണ്ണമായി അടച്ചിട്ടില്ല					
01.04.22		01.02.22, 01.03.22 തീയതികളിലെ കുടിശ്ശികകളും 01.04.22 ന് അടയ്ക്കേണ്ട തുകയും 01.04.22 ന് EOD യിൽ അടച്ചിട്ടില്ല	60	SMA 1	01.02.22 / 03.03.22	ലഭ്യമല്ല	ലഭ്യമല്ല
		01.02.22 മുതൽ 01.04.22 വരെയുള്ള കുടിശ്ശിക 02.04.22 EOD യിൽ അടച്ചിട്ടില്ല.	61	SMA 2	01.02.22 / 02.04.22	ലഭ്യമല്ല	ലഭ്യമല്ല
01.05.22		01.02.22 മുതൽ 01.05.22 വരെയുള്ള കുടിശ്ശിക 01.05.22 EOD യിൽ അടച്ചിട്ടില്ല.	90	SMA 2	01.02.22 / 02.04.22	ലഭ്യമല്ല	ലഭ്യമല്ല

		01.02.22 മുതൽ 01.05.22 വരെയുള്ള കുടിശ്ശിക 02.05.22 EOD യിൽ അടച്ചിട്ടില്ല.	91	NPA	ലഭ്യമല്ല	NPA	02.05.22
01.06.22	01.06.22	01.02.22 ലെ കുടിശ്ശികകൾ 01.06.22 EOD യിൽ പൂർണ്ണമായും അടച്ചു	93	NPA	ലഭ്യമല്ല	NPA	02.05.22
01.07.22	01.07.22	01.03.22, 01.04.22 തീയതികളിലെ മുഴുവൻ കുടിശ്ശികകളും 01.07.22 EOD യിൽ അടച്ചു തീർത്തു	62	NPA	ലഭ്യമല്ല	NPA	02.05.22
01.08.22	01.08.22	01.05.22, 01.06.22 തീയതികളിലെ മുഴുവൻ കുടിശ്ശികകളും 01.08.22 EOD യിൽ അടച്ചു	32	NPA	ലഭ്യമല്ല	NPA	02.05.22

01.09.22	01.09.22	01.07.22, 01.08.22 തീയതികളിലെ മുഴുവൻ കുടിശ്ശികകളും 01.09.22 EOD യിൽ അടച്ചു.	1	NPA	ലഭ്യമല്ല	NPA	02.05.22
01.10.22	01.10.22	01.09.22, 01.10.22 തീയതികളിലെ മുഴുവൻ കുടിശ്ശികകളും അടച്ചു.	0	കുടിശ്ശിക ബാക്കികളൊന്നുമില്ലാതെ സ്റ്റാൻഡേർഡ് അക്കൗണ്ട്	ലഭ്യമല്ല	ലഭ്യമല്ല	01.10.22 മുതൽ എസ്ടിഡി

(ഇ) കാർഡ് അംഗത്വം അവസാനിപ്പിക്കൽ / പിൻവലിക്കൽ

(i) കാർഡ് ഉടമ കാർഡ് സറണ്ടർ ചെയ്യുന്നതിനുള്ള നടപടിക്രമം

a. എല്ലാ ക്രെഡിറ്റ് കാർഡും(കളും) മാഗ്നറ്റിക് സ്ട്രിപ്പിന് കുറുകെ കോണോട് കോൺ മുറിച്ച ശേഷം ബാങ്കിലേക്ക് തിരികെ നൽകിക്കൊണ്ട് കാർഡ് അംഗത്തിന് എപ്പോൾ വേണമെങ്കിലും ഈ കരാർ അവസാനിപ്പിക്കാവുന്നതാണ്. മാത്രമല്ല, ക്രെഡിറ്റ് കാർഡിലെ ചിപ്പ് രണ്ട് കഷണങ്ങളായി മുറിച്ച് കാർഡ് നശിപ്പിക്കേണ്ടതുണ്ട്. ഒന്നുകിൽ ഇതോടൊപ്പം ക്രെഡിറ്റ് കാർഡുമായി ബന്ധപ്പെട്ട എല്ലാ സൗകര്യങ്ങളും ആനുകൂല്യങ്ങളും അവസാനിപ്പിക്കാൻ അഭ്യർത്ഥിച്ച് ഒരു രേഖാമൂലമുള്ള അഭ്യർത്ഥനയോ തുടർന്ന് ബാങ്കിന്റെ 24 മണിക്കൂർ കസ്റ്റമർ സർവീസ് ഹെൽപ്പ്ലൈനിൽ വിളിക്കുകയോ ഒരു ഇമെയിൽ എഴുതുകയോ ചെയ്യുക. അഡീഷണൽ കാർഡിന്റെ ഉപയോഗം റദ്ദാക്കാൻ പ്രൈമറി കാർഡ് അംഗത്തിന് ബാങ്കിനെ രേഖാമൂലം അറിയിക്കാം, എന്നിരുന്നാലും, അഡീഷണൽ ക്രെഡിറ്റ് കാർഡ്(കൾ) ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകുന്ന എല്ലാ ചാർജുകൾക്കും ഫീസുകൾക്കും പ്രൈമറി കാർഡ് അംഗം

ബാധ്യസ്ഥനായിരിക്കും. ആനുപാതികമായി വാർഷിക ഫീസുകളോ മറ്റ് ചാർജുകളോ തിരികെ നൽകുന്നതല്ല.

- ഇമെയിൽ: -
    a. DBS Vantage / DBS Altitude കാർഡ് ഉടമകൾ- VantageCareIndia@dbs.com നിങ്ങളുടെ ക്രെഡിറ്റ് കാർഡ് നമ്പർ അടക്കം
    b. മറ്റ് DBS ക്രെഡിറ്റ് കാർഡ് ഉടമകൾ- cardcareindia@dbs.com നിങ്ങളുടെ ക്രെഡിറ്റ് കാർഡ് നമ്പർ അടക്കം
- ടോൾ ഫ്രീ നമ്പർ: കാർഡ് അംഗത്തിന് ഞങ്ങളുടെ 24 മണിക്കൂർ കസ്റ്റമർ സർവീസ് നമ്പറിൽ ബാങ്കുമായി ബന്ധപ്പെടാം:
    a. DBS Vantage / DBS Altitude കാർഡ് ഉടമകൾ- 1800 209 4555 അല്ലെങ്കിൽ ഞങ്ങളുടെ ഓവർസീസ് കസ്റ്റമർ സർവീസ് നമ്പർ +9144 6685 4555 അല്ലെങ്കിൽ കാർഡ്സ് ഹെൽപ്പ്ലൈൻ (സിംഗപ്പൂർ) - 800 852 6186
    b. മറ്റ് DBS ക്രെഡിറ്റ് കാർഡ് ഉടമകൾ- 1860 267 6789 അല്ലെങ്കിൽ ഞങ്ങളുടെ ഓവർസീസ് കസ്റ്റമർ സർവീസ് നമ്പർ +9144 69046789.

b. ബാങ്കിന് അതിന്റെ വിവേചനാധികാരത്തിൽ എപ്പോൾ വേണമെങ്കിലും ക്രെഡിറ്റ് കാർഡ് സൗകര്യം ഉടനടി അവസാനിപ്പിക്കാം അല്ലെങ്കിൽ കാരണം കാണിക്കാതെയും യാതൊരു അറിയിപ്പും കൂടാതെയും കാർഡ് ഉപയോഗം നിയന്ത്രിക്കാം. ബാങ്ക് ക്രെഡിറ്റ് കാർഡ് സൗകര്യം അവസാനിപ്പിക്കുകയാണെങ്കിൽ, കാർഡ് അക്കൗണ്ടിലെ എല്ലാ കുടിശ്ശിക തുകയും (ചാർജുകളോ ഇതുവരെ ഡെബിറ്റ് ചെയ്തിട്ടില്ലാത്ത ക്യാഷ് അഡ്വാൻസുകളോ ഉൾപ്പെടെ) ഉടനടി അടയ്ക്കേണ്ടതാണ്. റദ്ദാക്കിയ ക്രെഡിറ്റ് കാർഡുകളെക്കുറിച്ച് ബാങ്ക് എല്ലാ സ്ഥാപനങ്ങളെയും (ക്രെഡിറ്റ് കാർഡ് സാധുതയുള്ളതോ/അംഗീകൃതമോ ആയ) അറിയിക്കേണ്ടതാണ്. ക്രെഡിറ്റ് കാർഡ് റദ്ദാക്കിയാൽ, അത് ഉപയോഗിക്കരുത്, മാഗ്നറ്റിക് സ്ട്രിപ്പിന് മുകളിലൂടെ കോണോട് കോൺ മുറിക്കേണ്ടതാണ്, കൂടാതെ ക്രെഡിറ്റ് കാർഡിലെ ചിപ്പ് രണ്ട് കഷണങ്ങളായി മുറിച്ച് നശിപ്പിക്കേണ്ടതുണ്ട്.

ആനുപാതികമായി വാർഷിക ഫീസുകളോ മറ്റ് ചാർജുകളോ തിരികെ നൽകുന്നതല്ല.

c. കാർഡ് അംഗം തന്റെ തൊഴിൽ, പ്രൊഫഷൻ അല്ലെങ്കിൽ വിലാസം മാറുകയോ, നിലവിൽ പോസ്റ്റ് ചെയ്തിരിക്കുന്ന സ്ഥലത്തുനിന്ന് മാറുകയോ, ശമ്പള അക്കൗണ്ട്/പ്രധാന ബാങ്ക് അക്കൗണ്ട് മുതലായവ മാറ്റുകയോ ചെയ്താൽ (അതാത് സംഭവം അനുസരിച്ച്), ബാങ്കിന് സ്വന്തം വിവേചനാധികാരത്തിൽ ക്രെഡിറ്റ് കാർഡ് സൗകര്യം നിർത്തലാക്കാൻ അവകാശമുണ്ട്. ക്രെഡിറ്റ് കാർഡ് അക്കൗണ്ട് ഒരിക്കൽ റദ്ദാക്കിക്കഴിഞ്ഞാൽ/അവസാനിപ്പിച്ചുകഴിഞ്ഞാൽ, ക്രെഡിറ്റ് കാർഡിന്റെ പ്രത്യേകാവകാശങ്ങൾ (എല്ലാ ആനുകൂല്യങ്ങളും സേവനങ്ങളും ഉൾപ്പെടെ) പിൻവലിക്കുമെന്നും, അത്തരം പ്രത്യേകാവകാശങ്ങൾ സ്വയമേവ പുനഃസ്ഥാപിക്കുന്നതല്ലെന്നും അത് ബാങ്കിന്റെ വിവേചനാധികാരത്തിൽ മാത്രമായിരിക്കുമെന്നും കാർഡ് അംഗം പ്രത്യേകം സമ്മതിക്കുന്നു. ക്രെഡിറ്റ് കാർഡ് റദ്ദാക്കുമ്പോൾ (ഏത് കാരണത്താലും), കാർഡ് അംഗം:

- കാർഡ് അംഗത്തിന്റെ/അംഗങ്ങളുടെ ക്രെഡിറ്റ് കാർഡ് ഒരിക്കലും ഉപയോഗിച്ചിട്ടില്ലെങ്കിലോ, 90 ദിവസത്തിൽ കൂടുതൽ ഉപയോഗിക്കാതിരിക്കുകയാണെങ്കിലോ അതിന്റെ ആനുകൂല്യങ്ങൾ പിൻവലിക്കാവുന്നതാണ്.
- ക്രെഡിറ്റ് കാർഡ് ഉപയോഗിക്കരുത്, കാർഡ് കോണോടു കോൺ മുറിച്ച് ബാങ്കിന് തിരികെ നൽകുക
- കാർഡ് കോണോടു കോൺ മുറിച്ച് ബാങ്കിന് തിരികെ നൽകുന്നത് വരെ ചാർജുകൾ അടയ്ക്കുന്നത് ഉൾപ്പെടെ കാർഡിന്റെ ഏത് ഉപയോഗത്തിനും ഉത്തരവാദിയായിരിക്കും.

d. ക്രെഡിറ്റ് കാർഡിന്റെ ഉപയോഗ നിബന്ധനകൾക്കനുസൃതമായി ബാങ്കിലേക്ക് പേയ്മെന്റുകൾ നടത്തുന്നത് തുടരണം.

(ii) ഒരു വർഷത്തിൽ കൂടുതൽ കാർഡ് ഉപയോഗിച്ചിട്ടില്ലെങ്കിൽ കാർഡ് അക്കൗണ്ട് അവസാനിപ്പിക്കുന്നതിനുള്ള നടപടിക്രമം.

ഒരു വർഷത്തിൽ കൂടുതൽ ഒരു ക്രെഡിറ്റ് കാർഡ് ഉപയോഗിച്ചിട്ടില്ലെങ്കിൽ, കാർഡ് ഉടമയെ അറിയിച്ചതിനുശേഷം കാർഡ് അവസാനിപ്പിക്കുന്നതിനുള്ള നടപടിക്രമം ആരംഭിക്കും. 30

ദിവസത്തിനുള്ളിൽ കാർഡ് ഉടമയിൽ നിന്ന് മറുപടി ലഭിച്ചില്ലെങ്കിൽ, കാർഡ് ഉടമയുടെ എല്ലാ കുടിശ്ശികകളും അടയ്ക്കുന്നതിന് വിധേയമായി, കാർഡ് അക്കൗണ്ട് ബാങ്ക് അവസാനിപ്പിക്കും. കാർഡ് അക്കൗണ്ട് അവസാനിപ്പിക്കുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ തുടർന്നുള്ള മാസത്തെ റിപ്പോർട്ടിംഗിൽ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനിയെ/കളെ അറിയിക്കും.

ക്രെഡിറ്റ് കാർഡ് അക്കൗണ്ട് അവസാനിപ്പിക്കുന്നതിനെ തുടർന്ന്, ക്രെഡിറ്റ് കാർഡ് അക്കൗണ്ടുകളിൽ ലഭ്യമായ ഏതൊരു ക്രെഡിറ്റ് ബാലൻസും കാർഡ് ഉടമയുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റും. കാർഡ് ഉടമയുടെ ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമല്ലെങ്കിൽ, ബാങ്ക് അത് ലഭ്യമാക്കുന്നതാണ്

(F) നഷ്ടം/ മോഷണം/ കാർഡ് ദുരുപയോഗം (LOSS/ THEFT/ MISUSE OF CARD)

((i) കാർഡ് നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ദുരുപയോഗം ചെയ്യപ്പെടുകയോ ചെയ്താൽ പിന്തുടരേണ്ട നടപടിക്രമം. കാർഡ് അംഗം ഡിബിഎസ് കാർഡ് + IN mobile ആപ്പ് ഉപയോഗിച്ച് കാർഡ് ഉടൻ തന്നെ ബ്ലോക്ക് ചെയ്യേണ്ടതാണ് അല്ലെങ്കിൽ DBS Vantage Card/ DBS Altitude Credit Card എന്നിവയ്ക്കായി ഞങ്ങളുടെ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ നമ്പറായ 1800 209 4555 എന്ന നമ്പറിലോ DBS Spark Credit Card / DBS Bank SuperX Credit എന്നിവയ്ക്കായി 18602676789 എന്ന നമ്പറിലോ വിളിക്കേണ്ടതാണ് അല്ലെങ്കിൽ DBS Vantage Card/ DBS Altitude Credit Card എന്നിവയ്ക്കായി VantageCareIndia@dbs.com എന്ന ഇമെയിൽ വിലാസത്തിലും DBS Spark Credit Card / DBS SuperX Credit Card / DBS SuperX Plus Credit Card എന്നിവയ്ക്കായി cardcareindia@dbs.com എന്ന ഇമെയിൽ വിലാസത്തിലും ഞങ്ങൾക്ക് എഴുതാവുന്നതാണ്. പകരമായി കാർഡ് ഉടമ തന്റെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ നിന്ന് 7065154444 എന്ന നമ്പറിലേക്ക് BLKCC എന്ന് ടൈപ്പ് ചെയ്ത് കാർഡ് നമ്പറിന്റെ അവസാനത്തെ നാല് അക്കങ്ങൾ ചേർത്ത് ഉദാഹരണത്തിന് BLKCC 1234 എന്ന് ഒരു എസ്എംഎസ് അയക്കാവുന്നതാണ് അല്ലെങ്കിൽ ക്രെഡിറ്റ് കാർഡ് നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ലഭിക്കാതിരിക്കുകയോ DBS Bank ന്റെയോ മറ്റേതെങ്കിലും ബാങ്കിന്റെയോ എടിഎമ്മിൽ കുടുങ്ങിപ്പോകുകയോ അല്ലെങ്കിൽ കാർഡ് ഉടമകളുടെ അനുവാദമില്ലാതെ ദുരുപയോഗം ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ കാർഡ് ഉടമയ്ക്ക് ഏറ്റവും അടുത്തുള്ള DBS Bank ശാഖ സന്ദർശിക്കാവുന്നതുമാണ്.

അതിനുശേഷം ക്രെഡിറ്റ് കാർഡ് ബ്ലോക്ക് ചെയ്യുകയും സസ്പെൻഡ് ചെയ്യുകയും ചെയ്യും. കൂടാതെ, നഷ്ടപ്പെട്ടാൽ/മോഷണം സംഭവിച്ചാൽ/ദുരുപയോഗം സംഭവിച്ചാൽ, കാർഡ് അംഗം പോലീസ് പരാതി/ഫസ്റ്റ് ഇൻഫർമേഷൻ റിപ്പോർട്ട് (എഫ്ഐആർ) ഫയൽ ചെയ്യണം, അതിന്റെ ഒരു പകർപ്പ് ബാങ്കിന് അയക്കുകയും വേണം.

(ii) മുകളിൽ പറഞ്ഞിരിക്കുന്ന സാഹചര്യം (i) ൽ കാർഡ് ഉടമയുടെ ബാധ്യത

(a) ബാങ്കിന് നോട്ടീസ്/അറിയിപ്പ് നൽകുന്നതിന് മുമ്പ് ക്രെഡിറ്റ് കാർഡ് അനധികൃതമായി ഉപയോഗിച്ചതിന്റെ പേരിൽ ഉണ്ടാകുന്ന ബാധ്യത ബാങ്കിന് നോട്ടീസ്/അറിയിപ്പ് ലഭിക്കുന്നതുവരെ ഉണ്ടാകുന്ന എല്ലാ ചാർജുകൾക്കും ബാധകമായിരിക്കും, എന്നാൽ ബാങ്കിലു നോട്ടീസ് ലഭിച്ചതിനുശേഷം അത് "ഉണ്ടാകില്ല".

(c) തർക്കമുള്ള ഏതെങ്കിലും ഇടപാടിനെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്ന സാഹചര്യത്തിൽ കാർഡ് അംഗം ബാങ്കുമായും, ബാങ്കിന്റെ പ്രതിനിധികളുമായും/അല്ലെങ്കിൽ നിയമ അധികാരികളുമായും പൂർണ്ണമായും സഹകരിക്കും.

(d) പിന്നീട് കാർഡ് അംഗത്തിന് ക്രെഡിറ്റ് കാർഡ് തിരികെ ലഭിക്കുന്ന സാഹചര്യത്തിൽ (മോഷണം റിപ്പോർട്ട് ചെയ്തതിന് ശേഷം), വീണ്ടെടുക്കപ്പെട്ട ക്രെഡിറ്റ് കാർഡ് പിന്നീട് ഉപയോഗിക്കരുത്, അത് പകുതിയായി മുറിച്ച് ഉടൻ ബാങ്കിലേക്ക് തിരികെ നൽകണം.

(iii) വിജയിക്കാത്ത / പരാജയപ്പെട്ട ഇടപാട്

ഏതെങ്കിലും കാരണത്താൽ ഇടപാട് പരാജയപ്പെടുകയും അത് നിങ്ങളുടെ ക്രെഡിറ്റ് കാർഡിൽ നിന്ന് കിഴിക്കുകയും ചെയ്താൽ, ബില്ലർ/വ്യാപാരി തുക ക്ലെയിം ചെയ്യുന്നതിനായി 3 പ്രവൃത്തി ദിവസം കാത്തിരിക്കാൻ ഞങ്ങൾ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. 3 ദിവസത്തിനുള്ളിൽ വ്യാപാരി തുക ക്ലെയിം ചെയ്താൽ, നിങ്ങളുടെ ഇടപാട് വിജയകരമായി കണക്കാക്കപ്പെടുന്നു.

ഇടപാട് തീയതി മുതൽ 3 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ വ്യാപാരി തുക ക്ലെയിം ചെയ്തില്ലെങ്കിൽ, ഇടപാട് തീയതി മുതൽ 5 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ അത് നിങ്ങളുടെ ക്രെഡിറ്റ് കാർഡിലേക്ക് തിരികെ നൽകും.

(G) വെളിപ്പെടുത്തൽ (DISCLOSURE)

(a) ക്രെഡിറ്റ് വെരിഫിക്കേഷൻ അല്ലെങ്കിൽ റഫറൻസ് പരിശോധനകൾ നടത്താൻ അല്ലെങ്കിൽ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി, ഈ കരാർ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും കരാറുകൾ ഉൾപ്പെടെ കാർഡ് അംഗവുമായി ബന്ധപ്പെട്ട എല്ലാ/ഏതെങ്കിലും വിവരങ്ങളോ രേഖകളോ വെളിപ്പെടുത്താൻ, അല്ലെങ്കിൽ കാർഡ് അംഗം പണം തിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ആദായ നികുതി അധികാരികൾ, ട്രൈബ്യൂണലുകൾ, കോടതികൾ, ജുഡീഷ്യൽ ബോഡികൾ മറ്റ് ബാങ്കുകൾ, ക്രെഡിറ്റ് ബ്യൂറോ, ധനകാര്യ സ്ഥാപനങ്ങൾ അല്ലെങ്കിൽ മറ്റ് മൂന്നാം കക്ഷികൾ എന്നിവയുമായി കാലാകാലങ്ങളിൽ ബാധകമായ വെളിപ്പെടുത്തൽ മാനദണ്ഡങ്ങൾക്കനുസൃതമായി വെളിപ്പെടുത്താൻ കാർഡ് അംഗം ഇതിനാൽ ബാങ്കിന് വ്യക്തമായി അധികാരം നൽകുന്നു.

(b) കാർഡ് അംഗം നൽകുന്ന വ്യക്തമായ സമ്മതത്തിന്റെ കാര്യത്തിൽ മാത്രം, ക്രെഡിറ്റ് കാർഡ് അപേക്ഷാ ഫോമിലോ മറ്റോ കാർഡ് അംഗം നൽകുന്ന വിവരങ്ങൾ, ബാലൻസ് ട്രാൻസ്ഫർ, ഇഎംഐ ഓഫറുകൾ, പണവുമായി ബന്ധപ്പെട്ട ഓഫറുകൾ, ഇൻഷുറൻസ് ഉൽപ്പന്നങ്ങൾ എന്നിവയുൾപ്പെടെ, എന്നാൽ അതിൽ മാത്രം പരിമിതപ്പെടുത്താതെ, മാർക്കറ്റിംഗ് ആവശ്യങ്ങൾക്കായി ബാങ്ക് ഉപയോഗിച്ചേക്കാമെന്ന് കാർഡ് അംഗം ഇതിനാൽ സമ്മതിക്കുന്നു. കൂടാതെ, വെളിപ്പെടുത്തൽ മാനദണ്ഡങ്ങൾക്കനുസൃതമായി, ബാങ്കിന് ഈ വിവരങ്ങൾ കാലാകാലങ്ങളിൽ ബാങ്കിന്റെ മറ്റ് ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഉപയോഗിക്കാം. കാർഡ് അംഗങ്ങൾക്ക് അസൗകര്യമുണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാൻ, ബാങ്ക് ഒരു "ഡുനോട്ട് കോൾ" രജിസ്റ്റർ പരിപാലിക്കുന്നുണ്ട്, ഏതെങ്കിലും മാർക്കറ്റിംഗ് ഓഫറുകൾക്കായി വിളിക്കാൻ കാർഡ് അംഗത്തിന് (ങ്ങൾക്ക്)താൽപ്പര്യമില്ലെങ്കിൽ, അത്തരം രജിസ്റ്ററിൽ അവരുടെ പ്രസ്തുത കോൺടാക്റ്റ് നമ്പറുകൾ ലിസ്റ്റ് ചെയ്യാവുന്നതാണ്. ഇതിന് 24 മണിക്കൂർ ഹെൽപ്പ്ലൈനിൽ ഫോണിലൂടെ അറിയിക്കുകയോ cardcareindia@dbs.com എന്ന വിലാസത്തിൽ ഇ-മെയിൽ അയയ്ക്കുകയോ ചെയ്യാം. കാർഡ് അംഗത്തിന്(ങ്ങൾക്ക്) അവരുടെ ബന്ധപ്പെട്ട കോൺടാക്റ്റ് വിശദാംശങ്ങൾ ഒഴിവാക്കുന്നതിന് ബാങ്ക് വെബ്സൈറ്റിലും രജിസ്റ്റർ ചെയ്യാം.

(c) കാർഡുടമയെ സംബന്ധിച്ച് എന്തെങ്കിലും പ്രതികൂലമായ റിപ്പോർട്ടുകൾ (ക്രെഡിറ്റ് യോഗ്യതയെക്കുറിച്ചോ അതുപോലുള്ള മറ്റേതെങ്കിലും കാര്യങ്ങളെക്കുറിച്ചോ) ബാങ്കിന് ലഭിച്ചാൽ, ബാങ്ക്

ക്രെഡിറ്റ് കാർഡ് റദ്ദാക്കിയേക്കാം, തുടർന്ന് മുഴുവൻ കുടിശ്ശികയും ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകുന്ന മറ്റ് ചാർജുകളും/ഫീസുകളും, സ്റ്റേറ്റ്മെന്റിൽ ഇതുവരെ ബിൽ ചെയ്തിട്ടില്ലെങ്കിൽ പോലും, ആ കാർഡ് അംഗം(ങ്ങൾ) ഉടൻ തന്നെ നൽകേണ്ടതാണ്.

(d) കാർഡ് അംഗം ചേർന്നിട്ടുള്ള ആനുകൂല്യങ്ങളോ പ്രോഗ്രാമുകളോ കൈകാര്യം ചെയ്യാനും സേവനം നൽകാനും കൈകാര്യം ചെയ്യാനും ബാങ്കിനെ പ്രാപ്തമാക്കുന്നതിന്, കാർഡ് അംഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ മൂന്നാം കക്ഷികളുമായി പങ്കിടാൻ കാർഡ് അംഗം ബാങ്കിനെ അധികാരപ്പെടുത്തുന്നു.

(e) ഇതിനു വിരുദ്ധമായി എന്തുതന്നെ ഉണ്ടായാലും, ഈ കരാർ ഉൾപ്പെടെ കാർഡ് അംഗത്തെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും രേഖകളും ഒപ്പം/അല്ലെങ്കിൽ മറ്റ് ഏതെങ്കിലും കരാർ, ഇടപാടുകൾ അല്ലെങ്കിൽ കാർഡ് അംഗവും ബാങ്കും തമ്മിലുള്ള ഇടപാടുകൾ എന്നിവ ഇവർക്ക് വെളിപ്പെടുത്താൻ കാർഡ് അംഗം ബാങ്കിനെ അധികാരപ്പെടുത്തുന്നു: എ. ബാങ്കിന്റെ ഹെഡ് ഓഫീസ് അല്ലെങ്കിൽ അതിന്റെ മറ്റ് ഏതെങ്കിലും ശാഖകൾ, അനുബന്ധ സ്ഥാപനങ്ങൾ അല്ലെങ്കിൽ അനുബന്ധ കമ്പനികൾ; ബി. ബാങ്കിന്റെ പ്രൊഫഷണൽ ഉപദേഷ്ടാക്കൾ; സി. ബാങ്കിന്റെയോ അതിന്റെ ഏതെങ്കിലും ബിസിനസുകളുടെയോ അവകാശങ്ങളുടെയോ ആസ്തികളുടെയോ ബാധ്യതകളുടെയോ വാങ്ങാൻ സാധ്യതയുള്ളയാൾ അല്ലെങ്കിൽ യഥാർത്ഥ വാങ്ങുന്നയാൾ/ അതിനായി നിയുക്തൻ; അല്ലെങ്കിൽ ഡി. നിയമം അനുസരിച്ച് വെളിപ്പെടുത്തൽ ആവശ്യമുള്ള മറ്റേതെങ്കിലും വ്യക്തിക്ക്.

(f) ഇന്ത്യൻ ധനകാര്യ വ്യവസ്ഥയുടെ പ്രവർത്തനക്ഷമതയും സ്ഥിരതയും മെച്ചപ്പെടുത്തുന്നതിനായി ഇന്ത്യാ ഗവൺമെന്റും റിസർവ് ബാങ്കും (RBI) ചേർന്ന് ആരംഭിച്ച ഒരു സംരംഭമാണ് ക്രെഡിറ്റ് ഇൻഫർമേഷൻ ബ്യൂറോ ഇന്ത്യ ലിമിറ്റഡ് (CIBIL). ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും ഇടയിൽ വിവരങ്ങൾ കൈമാറുന്നതിന് ഫലപ്രദമായ ഒരു സംവിധാനം നൽകാനുള്ള RBI യുടെ ശ്രമങ്ങളുമായി ഇത് യോജിച്ച് പ്രവർത്തിക്കുന്നു, അതുവഴി കാർഡ് ഉടമകൾക്ക് വിവിധ സ്ഥാപനങ്ങളിൽ നിന്ന് മികച്ച ക്രെഡിറ്റ് നിബന്ധനകൾ നേടാൻ കഴിയും.

(g) ഈ സംരംഭത്തിൽ പങ്കെടുക്കുന്ന എല്ലാ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും കാർഡ് ഉടമയുടെ ഡാറ്റ CIBIL മറ്റ് ക്രെഡിറ്റ് ഇൻഫർമേഷൻ ബ്യൂറോയുമായും പങ്കിടേണ്ടതുണ്ട്. മുകളിൽ പറഞ്ഞ

കാര്യങ്ങൾ കണക്കിലെടുത്ത്, കാർഡ് അംഗം/ആഡ് ഓൺ കാർഡ് അംഗം/അക്കൗണ്ടുൾ എന്നിവയുമായി ബന്ധപ്പെട്ട ഡാറ്റ സിഐബിഎല്ലിനും മറ്റ് ക്രെഡിറ്റ് ഇൻഫർമേഷൻ ബ്യൂറോയ്ക്കും ബാങ്ക് റിപ്പോർട്ട് ചെയ്യും.

(h) തിരിച്ചടവിൽ വീഴ്ച സംഭവിച്ചാൽ, ക്രെഡിറ്റ് കാർഡ് അക്കൗണ്ട് സ്റ്റാറ്റസ് " ഡിഫോൾട്ടർ " ആയി ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനിയിൽ ബാങ്ക് റിപ്പോർട്ട് ചെയ്യും. ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനിയിൽ ഡിഫോൾട്ടർ ആയി റിപ്പോർട്ട് ചെയ്യാനുള്ള ഉദ്ദേശ്യത്തെക്കുറിച്ച് കാർഡ് ഉടമയ്ക്ക് ഏഴ് ദിവസത്തെ മുൻകൂർ നോട്ടീസ് നൽകും.

(i) ബിസിനസ് രീതികളും ബാധകമായ വ്യവസ്ഥകളും അനുസരിച്ച്, കാർഡ് അംഗങ്ങളുടെ വിവരങ്ങൾ ബാങ്ക് കാലാകാലങ്ങളിൽ ബാങ്ക് നിർണ്ണയിക്കുന്ന നിലവിലുള്ളതോ ഭാവിയിൽ ഉണ്ടാകാവുന്നതോ ആയ ഏതെങ്കിലും ക്രെഡിറ്റ് ബ്യൂറോകളുമായി പങ്കിടാൻ ബാങ്കിന് അധികാരമുണ്ടെന്ന് കാർഡ് അംഗങ്ങൾ സമ്മതിക്കുന്നു. ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയുടെയും മറ്റ് സ്ഥാപനങ്ങളുടെയും പ്രവർത്തനക്ഷമതയും സ്ഥിരതയും മെച്ചപ്പെടുത്തുന്നതിനായി ഈ വിവരങ്ങൾ CIBIL യോഗ്യതയുള്ള അധികാരികൾ അംഗീകരിച്ച/അറിയിച്ച മറ്റേതെങ്കിലും ക്രെഡിറ്റ് ഇൻഫർമേഷൻ ബ്യൂറോയുമായോ പങ്കിടാവുന്നതാണ്.

(j) ഡിഫോൾട്ടർ ആയി റിപ്പോർട്ട് ചെയ്യപ്പെട്ട ഒരു കാർഡ് അംഗം പിന്നീട് ബാങ്കുമായുള്ള എല്ലാ കുടിശ്ശികകളും ബാങ്കിന്റെ തൃപ്തികരമായ രീതിയിൽ തീർപ്പാക്കുകയോ അടച്ചു തീർക്കുകയോ ചെയ്താൽ, റിപ്പോർട്ടിൽ മാറ്റം പ്രതിഫലിപ്പിക്കുന്നതിനായി പ്രസ്തുത കാർഡ് അംഗത്തിന്റെ അപ്ഡേറ്റ് ചെയ്ത വിശദാംശങ്ങൾ CIBIL മറ്റ് ക്രെഡിറ്റ് ഇൻഫർമേഷൻ ബ്യൂറോയ്ക്കോ നൽകിയിട്ടുണ്ടെന്ന് ഉറപ്പാക്കാൻ ബാങ്ക് ന്യായമായ ശ്രമങ്ങൾ നടത്തുന്നതാണ്.

(k) UIDAI നിന്ന് ലഭിച്ച KYC പോലുള്ള എല്ലാ വിവരങ്ങളും/ അപേക്ഷാ ഫോമിൽ(കളിൽ) ഞാൻ നൽകിയ വിവരങ്ങളും ക്രെഡിറ്റ് ബ്യൂറോകൾ / സ്റ്റാറ്റിയൂട്ടറി ബോഡികൾ / സബ്സിഡിയറികൾ / അഫിലിയേറ്റുകൾ / ക്രെഡിറ്റ് ബ്യൂറോകൾ / റേറ്റിംഗ് ഏജൻസികൾ, സേവന ദാതാക്കൾ, ബാങ്കുകൾ / ധനകാര്യ സ്ഥാപനം, സർക്കാർ / നിയന്ത്രണ അധികാരികൾ അല്ലെങ്കിൽ മൂന്നാം കക്ഷികൾ എന്നിവയുമായി കെവൈസി വിവര പരിശോധന, ക്രെഡിറ്റ് റിസ്ക് വിശകലനം അല്ലെങ്കിൽ DBS Bank ഉചിതമെന്ന് കരുതുന്ന മറ്റ് അനുബന്ധ ആവശ്യങ്ങൾക്കായി പങ്കിടാനും വെളിപ്പെടുത്താനും

ഞാൻ DBS Bank ന് അധികാരപ്പെടുത്തുകയും ആയതിന് സമ്മതം നൽകുകയും ചെയ്യുന്നു.

ഏതെങ്കിലും സാമ്പത്തിക സഹായം/സൗകര്യങ്ങൾ/ വായ്പാ/ക്രെഡിറ്റ് സൗകര്യം എന്നിവയുടെ മുതൽ തുകയുടെ പേയ്മെന്റിലോ തിരിച്ചടവിലോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട പലിശ/ചാർജുകൾ എന്നിവ അടയ്ക്കുന്നതിലോ കാർഡ് അംഗം എന്തെങ്കിലും വീഴ്ച വരുത്തിയാൽ, DBS Bank നും / അല്ലെങ്കിൽ ആർബിഐക്കും വീഴ്ചയുടെ വിശദാംശങ്ങളും കാർഡ് അംഗത്തിന്റെയോ / അതിന്റെ ഡയറക്ടർമാരുടെയോ / പങ്കാളികളുടെയോ / ആഡ്-ഓൺ കാർഡ് ഉടമകളുടെയോ പേരും DBS Bank നും / അല്ലെങ്കിൽ ആർബിഐക്കും ഉചിതമെന്നു തോന്നുന്ന ബാധകമായ രീതിയിൽ, ഡിഫോൾട്ടർ ആയി വെളിപ്പെടുത്താനോ പ്രസിദ്ധീകരിക്കാനോ അവകാശം ഉണ്ടായിരിക്കും. ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികളുടെ (റെഗുലേഷൻ) ആക്ട്, 2005 പ്രകാരം കാർഡ് അംഗത്തിന്റെ ക്രെഡിറ്റ് ഹിസ്റ്ററി/തിരിച്ചടവ് രേഖ, കഴിഞ്ഞ കാലത്തെ കുടിശ്ശികകളുടെ സ്റ്റാറ്റസ് എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഒരു ക്രെഡിറ്റ് ഇൻഫർമേഷൻ ബ്യൂറോയിൽ DBS Bank വെളിപ്പെടുത്തേണ്ടതാണ്. കാർഡ് അംഗത്തിന്റെ ക്രെഡിറ്റ് യോഗ്യതയെക്കുറിച്ച് പ്രതികൂല റിപ്പോർട്ടുകൾ ഒന്നും ഇല്ല എന്നതിന്റെ അടിസ്ഥാനത്തിലാണ് ക്രെഡിറ്റ് കാർഡിനുള്ള അപേക്ഷ സ്വീകരിക്കുന്നത്. കാർഡ് അക്കൗണ്ടിലെ ഏതെങ്കിലും കുറ്റകൃത്യങ്ങൾ അല്ലെങ്കിൽ കാർഡ് അംഗത്തിന്റെ ക്രെഡിറ്റ് സൗകര്യം കാർഡ് വഴിയോ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ പിൻവലിക്കൽ എന്നിവ DBS Bank ന് മറ്റ് ബാങ്കുകളെയോ സാമ്പത്തിക സ്ഥാപനങ്ങളെയോ അറിയിക്കാം. പ്രതികൂല റിപ്പോർട്ടുകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ (കാർഡ് അംഗത്തിന്റെയോ അദ്ദേഹത്തിന്റെ / അവളുടെ കുടുംബാംഗങ്ങളുടെയോ ക്രെഡിറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട്), 15 ദിവസത്തെ മുൻകൂർ അറിയിപ്പ് നൽകിയ ശേഷം, DBS Bank ന് ക്രെഡിറ്റ് കാർഡ് റദ്ദാക്കാം, തുടർന്ന് കാർഡ് അക്കൗണ്ടിലെ മുഴുവൻ കുടിശ്ശികയും കാർഡ് ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകുന്ന മറ്റ് ചാർജുകളും, കാർഡ് അക്കൗണ്ടിലേക്ക് ഇതുവരെ ബിൽ ചെയ്തിട്ടില്ലെങ്കിൽ പോലും, കാർഡ് അംഗം ഉടൻ അടയ്ക്കേണ്ടതാണ്. വിവരങ്ങൾ നൽകിയ അല്ലെങ്കിൽ സ്വീകരിച്ച ബാങ്കിന്റെയോ സാമ്പത്തിക സ്ഥാപനത്തിന്റെയോ പേര് കാർഡ് അംഗത്തിന് വെളിപ്പെടുത്താൻ DBS Bank ബാധ്യസ്ഥരല്ല.

(H) നിരാകരണം (DISCLAIMER)

ആശയവിനിമയ സംവിധാനങ്ങളുടെയോ പേയ്മെന്റ് സംവിധാനങ്ങളുടെയോ അല്ലെങ്കിൽ സൗകര്യം നൽകുന്നതിന് ആവശ്യമായ ഏതെങ്കിലും മൂന്നാം കക്ഷി സേവനങ്ങളുടെയോ കാലതാമസം, തടസ്സം, നിയന്ത്രണം, സസ്പെൻഷൻ, തകരാർ, പരാജയം അല്ലെങ്കിൽ പിശക്, ഏതെങ്കിലും കരാർ, നിയമലംഘനം അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ ഉണ്ടാകുന്നവ എന്നിവയിൽ നിന്ന് ഉണ്ടാകുന്നത് ഉൾപ്പെടെ, ഏതെങ്കിലും നഷ്ടത്തിനോ നാശനഷ്ടത്തിനോ വരുമാനം, ലാഭം, ബിസിനസ്സ്, സമ്പാദ്യം, ഡാറ്റ എന്നിവയിലെ നഷ്ടം അല്ലെങ്കിൽ സൽപേര് നഷ്ടം, ഉപയോഗ നഷ്ടം എന്നിവയ്ക്ക് മുൻകൂട്ടി കാണാവുന്നതോ അല്ലാത്തതോ ആകട്ടെ, DBS Bank അതിന്റെ അനുബന്ധ സ്ഥാപനങ്ങളോ അവരുടെ ജീവനക്കാരോ ഏജന്റുമാരോ കോൺട്രാക്ടർമാരോ പ്രത്യക്ഷമായോ, പരോക്ഷമായോ, അനന്തരഫലമായോ, ആകസ്മികമായോ, മാതൃകായോഗ്യമായോ, പ്രത്യേകമായോ ബാധ്യസ്ഥരായിരിക്കില്ല.

ഏതെങ്കിലും ഡീലുകൾ, സേവനങ്ങൾ, ഉൽപ്പന്നങ്ങൾ, സമ്മാനങ്ങൾ, വൗച്ചറുകൾ, ക്യാഷ് പോയിന്റുകൾ, കാർഡ് സജീവമാക്കൽ അല്ലെങ്കിൽ റദ്ദാക്കൽ എന്നിവ വാഗ്ദാനം ചെയ്യുന്നതിന് DBS Bank ഒരിക്കലും കാർഡ് CVV/CVC/സെക്യൂരിറ്റി കോഡ്, PIN, OTP അല്ലെങ്കിൽ പാസ്‌വേഡ് എന്നിവ ആവശ്യപ്പെടില്ല. കോൾ/ SMS /ഇമെയിലിലെ അത്തരം അഭ്യർത്ഥനകൾ ദയവായി അവഗണിക്കുക. കാർഡ് നമ്പർ/ CVV/CVC /സെക്യൂരിറ്റി കോഡ്, PIN, OTP അല്ലെങ്കിൽ പാസ്‌വേഡ് എന്നിവ മറ്റാരുമായും പങ്കിടുകയോ വെളിപ്പെടുത്തുകയോ ചെയ്യുന്നില്ലെന്ന് നിങ്ങൾ ഉറപ്പാക്കണം.

ക്രെഡിറ്റ് കാർഡ് ഓൺബോർഡിംഗ് സമയത്ത് ബാങ്കുമായി പങ്കിടുന്ന ആശയവിനിമയ വിവരങ്ങൾ ക്രെഡിറ്റ് കാർഡിന് വേണ്ടി മാത്രമേ ഉപയോഗിക്കൂ. ബാങ്കിന്റെ മറ്റ് ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള ആശയവിനിമയ വിശദാംശങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിന് കാർഡ് ഉടമ പ്രത്യേകമായി ബാങ്കുമായി ബന്ധപ്പെടേണ്ടതുണ്ട്.

ഏതെങ്കിലും ഇടപാട് ആരംഭിക്കുന്നതിന് മുമ്പ് വെബ്സൈറ്റിന്റെ/പോർട്ടലിന്റെ ആധികാരികത ദയവായി ഉറപ്പാക്കുക. നിങ്ങളെ തട്ടിപ്പിന് ഇരയാക്കിയേക്കാവുന്ന വ്യാജ വെബ്സൈറ്റുകളെ സൂക്ഷിക്കുക.